കേരള സർക്കാർ

പട്ടികജാതി- പട്ടികവർഗ വികസന വകുപ്പ്

# വിഷൻ 2031

## സാമൂഹ്യനീതി -നാൾവഴികളും ഭാവി കാഴ്ച്ചപ്പാടും

# വികസന നയരേഖ

2025
ഒക്ടോബർ
25 ശനി
മാനന്തവാടി
വയനാട്

# വിഷൻ-2031

## പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ സംസ്ഥാനതല

# വികസന നയരേഖ

2025 ഒക്ടോബർ 25, മാനന്തവാടി, വയനാട്

# വിഷൻ സ്റ്റേറ്റ്മെന്റ്

**(2031-ലെ പട്ടികവിഭാഗക്കാരുടെ വികസനം വിഭാവനം ചെയ്യുന്ന അടിസ്ഥാന കാഴ്ചപ്പാട്)**

‘ കേരളത്തിലെ പട്ടികജാതി-വർഗ്ഗ സമൂഹത്തിന് സ്ഥിരമായ ഉപജീവനം, ഗുണമേന്മയുള്ള ജീവിതം, സമഗ്ര സാമൂഹ്യ പുരോഗതി എന്നിവ കൈവരിക്കുന്നതിലൂടെ പൊതുസമൂഹത്തോടൊപ്പം എല്ലാ മേഖലകളിലും അവസരമാരുക്കുകയാണ് ലക്ഷ്യം. ഇതോടൊപ്പം തദ്ദേശീയ സാംസ്കാരിക പൈതൃകത്തിൽ ഉറച്ചുനിന്ന് സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തി ആഗോളതലത്തിലുള്ള വിജ്ഞാന-സാമ്പത്തിക വ്യവസ്ഥയിൽ പൂർണ്ണമായ സമന്വയം നേടുക. ’

# സൂചിക


| ക്രമ നമ്പർ | വിഷയം | പേജ് നമ്പർ |
|---|---|---|
| 1 | ആമുഖം | 04 |
| 2 | അടിസ്ഥാന സൗകര്യ വികസനം | 07–09 |
| 3 | വിദ്യാഭ്യാസം | 10–13 |
| 4 | ആരോഗ്യം | 14–17 |
| 5 | സാംസ്കാരികം | 18–21 |
| 6 | ഉപജീവനവും തൊഴിലും, നൈപുണ്യ വികസനവും | 22–28 |
| 7 | നിയമപരിരക്ഷയും ഭരണ നിർവ്വഹണവും | 29–32 |
| 8 | സെമിനാറിൽ ഉരുത്തിരിഞ്ഞ പൊതുനിർദ്ദേശങ്ങൾ | 33–42 |

# ആമുഖം

കേരള സംസ്ഥാനം രൂപീകൃതമായിട്ട് 2031ൽ 75 വർഷം പൂർത്തിയാവുകയാണ്. ഇന്ത്യയിലെ മറ്റിതര സംസ്ഥാനങ്ങളെ അപേക്ഷിച്ച്, സാക്ഷരത, വിദ്യാഭ്യാസം, ആരോഗ്യം, സാമൂഹ്യ സുരക്ഷ, തൊഴിലാളിക്ഷേമം തുടങ്ങിയ നിരവധി മേഖലകളിൽ ലോകത്തിനു തന്നെ മാതൃകയാകുന്ന തരത്തിലുള്ള വികസന പ്രവർത്തനങ്ങൾ നടത്തുവാൻ ഇക്കാലയളവിൽ നമുക്ക് കഴിഞ്ഞിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ വികസന മേഖലയിൽ ഇന്ത്യയ്ക്കാകമാനം മാതൃകയാകുന്ന വിധമുള്ള പദ്ധതികളും പ്രവർത്തനങ്ങളും കാഴ്ചവെയ്ക്കുവാൻ നമുക്കു കഴിയുന്നുവെന്നത് അഭിമാനാർഹമാണ്.

കഴിഞ്ഞ പത്ത് വർഷക്കാലയളവിനുള്ളിൽ കേരളം കൈവരിച്ച പുരോഗതിയും 2031-ലെ വികസന ലക്ഷ്യങ്ങളും ചർച്ച ചെയ്യുന്നതിനും പുതിയ വികസന പദ്ധതികൾ തയ്യാറാക്കുന്നതിനുമായി 33 മേഖലകളിലായി വകുപ്പുകളുടെ മേൽനോട്ടത്തിൽ **വിഷൻ 2031** വികസന സെമിനാറുകൾ സംഘടിപ്പിക്കുകയാണ്.

പട്ടികജാതി വികസന വകുപ്പ് രൂപീകൃതമായി 70 വർഷവും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ സുവർണ്ണ ജൂബിലി വർഷവും പൂർത്തിയായ വേളയിൽക്കൂടിയാണ് ഈ മേഖലകളിലെ വികസനവുമായി ബന്ധപ്പെട്ട ഭാവി കാഴ്ചപ്പാട് രൂപീകരിക്കുന്നതിനും സാധ്യതകളും വെല്ലുവിളികളും ചർച്ച ചെയ്യുന്നതിനുമായി **സാമൂഹ്യനീതി-നാൾവഴികളും ഭാവി കാഴ്ചപ്പാടും** എന്ന ആശയം മുൻനിർത്തി **2025 ഒക്ടോബർ 25, ശനിയാഴ്ച വയനാട്, മാനന്തവാടിയി**ൽ വെച്ച് സെമിനാർ സംഘടിപ്പിക്കുന്നത്. പട്ടികജാതി പട്ടികവർഗ്ഗ മേഖലയിലെ ഒന്നാംതലമുറ പ്രശ്നങ്ങൾ പൂർണ്ണമായി പരിഹരിച്ചുകൊണ്ട് വികസനത്തിന്റെ പുതിയ ഒരു ഘട്ടത്തിലേയ്ക്ക് എത്തിച്ചേരാൻ കഴിയുന്നുവെന്ന് നാം ഉറപ്പാക്കേണ്ടതുണ്ട്. ഇതിലേയ്ക്കായി എല്ലാവരുടേയും പങ്കാളിത്തവും അഭിപ്രായ-നിർദ്ദേശങ്ങളും പ്രതീക്ഷിക്കുന്നു.

# വിഷൻ–2031:
# പട്ടികജാതി–പട്ടികവർഗ്ഗ വികസനം

2031–ൽ ലോകം കൈവരിക്കുന്ന വികസനക്കുതിപ്പിനൊപ്പം എത്തുവാൻ കേരളം പരിശ്രമിക്കുമ്പോൾ ചരിത്രപരമായ കാരണങ്ങളാൽ വികസനപ്രക്രിയയിൽ നിന്നും പിന്തള്ളപ്പെട്ടുപോയ പട്ടികജാതി–വർഗ ജനവിഭാഗങ്ങളും കേരളത്തിന്റെ വികസന വേഗത്തിനൊപ്പം സഞ്ചരിക്കണമെന്ന സർക്കാരിന്റെ നിശ്ചയദാർഢ്യമാണ് ഈ വിഷൻ രേഖയ്ക്ക് പിന്നിൽ. സംസ്ഥാന രൂപീകരണത്തിന്റെ 75–ാ‍ം വർഷത്തിൽ ഏവർക്കും സാമൂഹ്യനീതി ഉറപ്പുവരുത്തുന്ന രീതിയിൽ അടിസ്ഥാന സൗകര്യ വികസനം, വിദ്യാഭ്യാസം, ആരോഗ്യം, സാംസ്ക്കാരികം, ഉപജീവനവും തൊഴിലും, നൈപുണ്യ വികസനവും, നിയമപരിരക്ഷയും ഭരണ നിർവ്വഹണവും എന്നിങ്ങനെ ആറ് മേഖലകളിലായാണ് 2031 ലേയ്ക്കുള്ള വികസന കാഴ്ചപ്പാട് ഇവിടെ അവതരിപ്പിക്കുന്നത്.

**വിഷൻ സ്റ്റേറ്റ്മെന്റ്**

2031–ലെ പട്ടികവിഭാഗക്കാരുടെ വികസനം വിഭാവനം ചെയ്യുന്ന അടിസ്ഥാന കാഴ്ചപ്പാട് ഇപ്രകാരമാണ്.

> “കേരളത്തിലെ പട്ടികജാതി–വർഗ്ഗ സമൂഹത്തിന് സ്ഥിരമായ ഉപജീവനം, ഗുണമേന്മയുള്ള ജീവിതം, സമഗ്ര സാമൂഹ്യപുരോഗതി എന്നിവ കൈവരിക്കുന്നതിലൂടെ ഒരു സമൂഹമായി രൂപപ്പെടാൻ അവസരമൊരുക്കുകയാണ് ലക്ഷ്യം. ഇതോടൊപ്പം സമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിൽ ഉറച്ചുനിന്ന് സാമൂഹ്യനീതിയും തുല്യതയും ഉറപ്പുവരുത്തി ആഗോള തലത്തിലുള്ള വിജ്ഞാന–സാമ്പത്തിക വ്യവസ്ഥയിൽ പൂർണ്ണമായ സമന്വയം നേടുക.”

**അടിസ്ഥാന തത്വങ്ങൾ**

ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന സ്വാതന്ത്ര്യം, സമത്വം, തുല്യത, സാമൂഹ്യനീതി എന്നീ അടിസ്ഥാന ആശയങ്ങളിലൂന്നി, രാജ്യത്തിന്റെ വികസനപ്രക്രിയയിൽ ഒരാളും ഭാഗഭാക്കാവാതിരിക്കുകയോ പിന്തള്ളപ്പെട്ടുപോവുകയോ അവഗണിക്കപ്പെടുകയോ ചെയ്യുന്നില്ല എന്നുറപ്പുവരുത്തേണ്ടതുണ്ട്.

**1. തുല്യത, സാമൂഹ്യനീതി**

വികസനം എല്ലാവർക്കും തുല്യതയും സാമൂഹിക നീതിയും അന്തസ്സും ഉറപ്പാക്കണം. ഇതിനായി, ഘടനാപരമായ തടസ്സങ്ങൾ നീക്കം ചെയ്യേണ്ടതും വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനം, ഭരണനിർവ്വഹണം എന്നിവയിൽ തുല്യമായ പ്രവേശനം ഉറപ്പാക്കുന്നതിന് ഊന്നലും നൽകണം.

**2. അറിവിലൂടെയും കാര്യശേഷി വികസനത്തിലൂടെയുമുള്ള ശാക്തീകരണം**

യഥാർത്ഥ പുരോഗതി തുടങ്ങുന്നത് മനുഷ്യന്റെ ശേഷി വികസനത്തോടെയാണ്. സാർവത്രിക വിദ്യാഭ്യാസം, കാലഘട്ടത്തിനനുസൃതമായ നൈപുണ്യവികസനം, സാങ്കേതിക വിദ്യ ഉൾച്ചേർക്കൽ, ഗുണമേന്മയുള്ള ആരോഗ്യ പരിരക്ഷ, വൈദഗ്ധ്യം അടിസ്ഥാനമാക്കിയുള്ള ശാക്തീകരണം എന്നിവ ഓരോ വ്യക്തിക്കും തങ്ങളുടെ പൂർണ്ണശേഷി തിരിച്ചറിയാനും വിജ്ഞാനാധിഷ്ഠിത ആഗോള സമ്പദ് വ്യവസ്ഥയിൽ അർത്ഥപൂർണ്ണമായി പങ്കുചേരാനും വഴിയൊരുക്കും.

**3. സാംസ്കാരിക അഖണ്ഡതയും സുസ്ഥിര വികസനവും**

വികസനം സാംസ്കാരികമായി വേരൂന്നിയതും പാരിസ്ഥിതികമായി സുസ്ഥിരവും ആയിരിക്കണം. തദ്ദേശീയ സംസ്കാരങ്ങൾ, പരമ്പരാഗത വിജ്ഞാന സമ്പ്രദായങ്ങൾ, പാരിസ്ഥിതിക ജ്ഞാനം എന്നിവ സംരക്ഷിക്കാനും പുനരുജ്ജീവിപ്പിക്കാനും ഈ കാഴ്ചപ്പാട് ലക്ഷ്യമിടുന്നു. സമഗ്രമായ ക്ഷേമത്തിനായി ഹരിത സാങ്കേതികവിദ്യകളുമായും കാലാവസ്ഥാ മാറ്റങ്ങളെ അതിജീവിക്കാൻ കഴിയുന്ന ഉപജീവന മാർഗ്ഗങ്ങളുമായും സംയോജിപ്പിക്കും.

**4. പങ്കാളിത്തപരവും അവകാശാധിഷ്ഠിതവുമായ ഭരണനിർവഹണം**

വികേന്ദ്രീകൃതവും സുതാര്യവും പങ്കാളിത്തപരവുമായ ഭരണനിർവഹണം ആയിരിക്കും പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിന്റെ അടിസ്ഥാനം. ശാക്തീകരിക്കപ്പെട്ട പ്രാദേശിക സ്ഥാപനങ്ങൾ, ഡാറ്റാ-അധിഷ്ഠിത തീരുമാനമെടുക്കൽ, തുടർച്ചയായ കമ്മ്യൂണിറ്റി നിരീക്ഷണം എന്നിവ ഉത്തരവാദിത്തവും പ്രതികരണശേഷിയും ഉൾക്കൊള്ളുന്ന അവകാശാധിഷ്ഠിത നയരൂപീകരണവും ഉറപ്പാക്കും.

**5. ആഗോള സാധ്യതകളും നൂതനാശയങ്ങൾക്കായ സന്നദ്ധതയും**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ആഗോളതലത്തിൽ ഉയർന്നുവരുന്ന നൂതനാശയങ്ങളേയും സാധ്യതകളേയും ഉപയോഗപ്പെടുത്താൻ കഴിയുന്ന രീതിയിൽ ഡിജിറ്റൽ സാക്ഷരത, സംരംഭകത്വം, സാമൂഹിക നൂതനാശയം, ലിംഗസമത്വം എന്നിവ പരിപോഷിപ്പിച്ച്, അവരുടെ സാമൂഹികവും സാംസ്കാരികവുമായ മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടുതന്നെ ആഗോള വിപണികളിൽ അഭിവൃദ്ധി പ്രാപിക്കാൻ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് കഴിയേണ്ടതുണ്ട്.

അടുത്ത 5 വർഷക്കാലം കൊണ്ട് പട്ടികജാതി/പട്ടികവർഗ്ഗ മേഖലയിൽ ഏകദേശം 25,000/- കോടി രൂപ വിനിയോഗിച്ചുള്ള വികസന ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

2031-ലെ പട്ടികവിഭാഗ വികസനത്തെക്കുറിച്ച് മേഖല തിരിച്ചുള്ള ആശയങ്ങൾ ചുവടെ ചേർക്കുന്നു.

# അടിസ്ഥാന സൗകര്യ വികസനം

1. **ഭൂമിയും വീടും ഉറപ്പുവരുത്തൽ**

2031-ഓടുകൂടി എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങൾക്കും ഭൂമിയും വീടും ഉറപ്പുവരുത്തും. ഭവന നിർമ്മാണത്തിന്റെയും ഭൂമി വിതരണത്തിന്റെയും അവശേഷിക്കുന്ന ആവശ്യകതകൾ പരിശോധിച്ച് സമ്പൂർണ്ണ ഭൂരഹിതരില്ലാത്തതും ഭവനരഹിതരില്ലാത്തതുമായ സംസ്ഥാനമായി പ്രഖ്യാപിക്കും.

ലൈഫ് മിഷൻ വഴിയാണ് പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് നിലവിൽ ഭവന നിർമ്മാണത്തിനുള്ള ഫണ്ട് ലഭിക്കുന്നത്. പട്ടികജാതിക്കാർക്കും ഉന്നതികളിൽ താമസിക്കാത്ത പട്ടികവർഗ്ഗക്കാർക്കും നിലവിൽ 4 ലക്ഷം രൂപയും, ഉന്നതികൾക്കുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് 6 ലക്ഷം രൂപയുമാണ് നൽകുന്നത്. നിർമ്മാണ സാമഗ്രികളുടെയും തൊഴിലാളികളുടെയും വിലവർധനവ് കണക്കിലെടുത്ത്, ഈ ധനസഹായത്തിന്റെ നിരക്ക് പരിഷ്കരിക്കുന്നത് പരിഗണിക്കുന്നതാണ്.

2017-ൽ ലൈഫ് മിഷൻ മുഖേന തയ്യാറാക്കിയ മുൻഗണന പട്ടിക പ്രകാരമാണ് നിലവിൽ വീട് അനുവദിക്കുന്നത്. ഈ പട്ടികയിൽ ഉൾപ്പെടാത്ത നിരവധി പുതിയ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുള്ളതിനാൽ, അവരെക്കൂടി ഉൾപ്പെടുത്തി പട്ടിക പുതുക്കും.

ഭവന നിർമ്മാണം പൂർത്തീകരിക്കാൻ കഴിയാതിരുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷന്റെ ഒന്നാംഘട്ടത്തിൽ പൂർത്തിയാക്കുന്നതിന് നടപടി എടുക്കുകയുണ്ടായി. തുടർന്നും ആ നിലയിലുള്ള വീടുകൾ, പട്ടികജാതി-പട്ടികവർഗ്ഗ അംഗങ്ങൾ രൂപീകരിച്ച സ്വാശ്രയ സംഘങ്ങളോ, ഉചിതമായ മറ്റ് ഗ്രൂപ്പുകളോ മുഖേന, പൂർത്തിയാകാത്ത വീടുകളുടെ പട്ടിക തയ്യാറാക്കി, നിർമ്മാണ ജോലികൾ ഉടൻ പൂർത്തിയാക്കാൻ മിഷൻ രീതിയിൽ പ്രവർത്തിക്കുന്നതാണ്.

നിർമ്മാണം പൂർത്തിയാക്കിയ വീടുകളിൽപോലും സുരക്ഷിതമായ മേൽക്കൂര, ശുചിത്വമുള്ള ശൗചാലയം, മികച്ച അടുക്കള, ടൈൽ ചെയ്ത തറ, പ്ലംബിംഗ്, വയറിംഗ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിലെ തടസ്സങ്ങൾ പരിഹരിക്കാനാണ് 'സേഫ്' പദ്ധതി നടപ്പിലാക്കുന്നത്. 2031-ഓടുകൂടി പട്ടിക വിഭാഗങ്ങളുടെ സമ്പൂർണ്ണ ഭവന പുനരുദ്ധാരണം സാധ്യമാക്കും.

വീടുകളുടെ രൂപകല്പനയിൽ കാതലായ മാറ്റം കൊണ്ടുവരേണ്ടതുണ്ട്. കൂടുതൽ കാലം നിലനിൽക്കാൻ കഴിയുന്നതും ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നതുമായ നൂതന ഡിസൈൻ സാധ്യതകൾ തേടുകയും വ്യക്തികളുടെ അഭിരുചി, ഭൂമിയുടെ

ഘടന, കാലാവസ്ഥ, തുടങ്ങിയ ഘടകങ്ങൾ പരിഗണിച്ചും ഉൾവനങ്ങളിൽ താമസിക്കുന്നവർക്ക് പ്രാദേശികമായി ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ചും ആധുനിക സൗകര്യങ്ങളോടുകൂടി അനുയോജ്യമായ രീതിയിൽ ഭവന നിർമ്മാണം നടത്തുന്നതാണ്. ഇത്തരം ഭവനങ്ങളിൽ വയോജന സൗഹൃദ സൗകര്യങ്ങൾ കൂടി ഉൾപ്പെടുത്തും.

വനാവകാശ നിയമം പൂർണ്ണമായും നടപ്പിലാക്കും.

കുറഞ്ഞ വാർഷിക വരുമാന വിഭാഗക്കാരും ലൈഫ്, സേഫ് എന്നീ പദ്ധതികളിലുൾപ്പെടാത്തവരുമായ കുടുംബങ്ങൾക്ക് ഭവന നിർമ്മാണ-പൂർത്തീകരണത്തിനായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന പ്രത്യേക ഭവന വായ്പ പദ്ധതി നടപ്പാക്കും.

**2. പശ്ചാത്തല സൗകര്യം**

കേരളത്തിലെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ ഉന്നതികളിലും സമ്പൂർണ്ണ അടിസ്ഥാന സൗകര്യം എല്ലായിടത്തും ഉറപ്പുവരുത്തും. ഭൂമി, വീട്, വൈദ്യുതി, കുടിവെള്ളം, ഗതാഗതസൗകര്യം, പാചകവാതക കണക്ഷൻ, മാലിന്യസംസ്കരണ സംവിധാനം, വാർത്താവിനിമയ-ഇന്റർനെറ്റ് സൗകര്യം, കളിസ്ഥലങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ തുടങ്ങിയ സാമൂഹിക സൗകര്യങ്ങൾ എല്ലാ ഉന്നതികളിലും 2031-ഓടുകൂടി പൂർണ്ണമായും ഉറപ്പാക്കും.

നിലവിൽ നഗറുകളിലേയ്ക്കുള്ള റോഡുകൾ SCP, TSP ഫണ്ടിൽ നിർമ്മാണം നടത്തുന്നതിനുള്ള നിയമതടസ്സം, മാറ്റി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നഗറുകളിലേയ്ക്ക് മികച്ച ഗതാഗത സൗകര്യം ഉറപ്പാക്കുന്നതിന് ഹാംലറ്റ് കണക്ടിവിറ്റി പാക്കേജ് നടപ്പാക്കും.

**3. ആവശ്യകതകളുടെ കൃത്യമായ നിർണവും മൈക്രോപ്ലാനും**

അടിസ്ഥാന സൗകര്യ വികസന മേഖലയെ പ്രധാനമായും രണ്ടായി തിരിക്കാം: വ്യക്തിഗത/കുടുംബ ജീവിത നിലവാരവുമായി നേരിട്ട് ബന്ധമുള്ളവ (പാർപ്പിടം, വൈദ്യുതി, ഭൂമി, ഉപജീവന സൗകര്യങ്ങൾ), പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ (റോഡുകൾ, ആരോഗ്യ-വിദ്യാഭ്യാസ സൗകര്യങ്ങൾ, വാർത്താവിനിമയം, സാംസ്കാരിക നിലയങ്ങൾ). ഈ രണ്ട് മേഖലകളിലെയും വികസനം ഉറപ്പുവരുത്തുന്നതിനായി വിഷൻ 2031 മുന്നോട്ടുവെക്കുന്ന പ്രധാന സമീപനമാണിത്.

ഇതുവരെ കൈവരിച്ച നേട്ടങ്ങളുടെ പശ്ചാത്തലത്തിൽ, ഇനി അവശേഷിക്കുന്ന ആവശ്യകതകൾ എന്തൊക്കെയാണെന്ന് കൃത്യമായും ശാസ്ത്രീയമായും നിർണ്ണയിക്കുക എന്നതാണ് ഈ സമീപനത്തിന്റെ ഏറ്റവും പ്രധാന ലക്ഷ്യം. ഇത്തരം മൈക്രോപ്ലാനുകൾ മേൽത്തട്ടു നിർദ്ദേശങ്ങൾക്കും സംസ്ഥാനതല പദ്ധതികൾ രൂപീകരിക്കുന്നതിനും പ്രയോജനപ്പെടുത്തും.

എല്ലാ ഉന്നതികളിലേയും ഓരോ കുടുംബത്തിന്റെയും ആവശ്യങ്ങളുടെ കണക്കെടുപ്പ് നടത്തി അതിന്റെ അടിസ്ഥാനത്തിലുള്ള മൈക്രോ പ്ലാൻ തയ്യാറാക്കണം. ഇതിനൊപ്പം തന്നെ മൈക്രോ പ്ലാനുകൾ അനുസരിച്ച് ഓരോ ഉന്നതിക്കും ആവശ്യമുള്ള അടിസ്ഥാന സൗകര്യങ്ങളുടെ ഒരു മുൻഗണനപട്ടികയും തയ്യാറാക്കണം.

**4. നഗറുകളുടെ ആധുനികവത്കരണം**

വിവിധ കർമ്മ പദ്ധതികളുടെ സംയോജനത്തിലൂടെ ഉന്നതികളുടെയും നഗറുകളുടെയും മുഖച്ഛായ മാറ്റുന്നതാണ്. റോഡ് സൗകര്യം, ശുചിത്വം, ഉദ്യാനങ്ങളും പാർക്കുകളും, വായനശാലകൾ, ആധുനിക മാലിന്യ സംസ്കരണ സംവിധാനങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കമ്മ്യൂണിറ്റി ഹാളുകൾ, കുടിവെള്ള സൗകര്യം എന്നിവ ഉറപ്പാക്കി ഓരോ ഉന്നതിയും നഗറുകളെയും ആധുനികവല്ക്കരിക്കുന്നതായിരിക്കും.

**5. അതിദുർബല വിഭാഗങ്ങൾക്കായി പ്രത്യേക പദ്ധതി**

പട്ടികജാതിക്കാരിലെ സാമ്പത്തികമായ സാമൂഹ്യമായും പിന്നാക്കം നിൽക്കുന്ന വേടൻ, നായാടി, കള്ളാടി, അരുന്ധതിയാർ, ചക്ലിയാർ; പട്ടികവർഗ വിഭാഗത്തിലെ പ്രാക്തന ഗോത്രവിഭാഗങ്ങളിൽപ്പെട്ട ചോലനായ്ക്കൻ, കാട്ടുനായ്ക്കൻ, കൊറഗ, കാടർ, അർദ്ധ നാടോടികളായ മലപണ്ടാര സമുദായം എന്നിവരുടെ വികസന ആവശ്യങ്ങൾ കണക്കിലെടുത്ത് പ്രത്യേക പദ്ധതി രൂപീകരിക്കുന്നതാണ്. ദുർബല വിഭാഗത്തിന്റെ തനത് സാംസ്കാരികത സംരക്ഷിക്കുന്നതിനോടൊപ്പം സ്വയം പര്യാപ്തതയിലൂന്നിയ സാമ്പത്തിക ഉപജീവന ഉന്നമനത്തിനു വേണ്ട അടിസ്ഥാന സൗകര്യമൊരുക്കുന്നതിലായിരിക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

**6. ഡിജിറ്റൽ കണക്ടിവിറ്റി**

ഇന്റർനെറ്റ് ഇന്ന് അടിസ്ഥാന സൗകര്യ വികസനത്തിലെ മുഖ്യ ഘടകമാണ്. ഉന്നതികളുടെയും നഗരുകളുടെയും വികസനത്തിനായുള്ള മൈക്രോ പ്ലാൻ തയ്യാറാക്കുമ്പോൾ ഇവയുടെ ഡിജിറ്റൽ കണക്ടിവിറ്റി സൗകര്യത്തിനു പ്രത്യേക പരിഗണന നൽകുന്നതായിരിക്കും. കെ-ഫോൺ ഉൾപ്പെടെയുള്ള വിവിധ എജൻസികളുടെ ഏകോപനത്തിലൂടെ 2031-ഓടു കൂടി മുഴുവൻ ഉന്നതികളിലും നഗറുകളിലും ഇന്റർനെറ്റ് സൗകര്യം കൊണ്ടുവരുന്നതായിരിക്കും.

# വിദ്യാഭ്യാസം

അസമത്വങ്ങൾ ഇല്ലാതാക്കുകയും ഓരോ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥിയെയും വിജ്ഞാനത്തിലും നൂതനാശയ സമ്പദ്‌വ്യവസ്ഥയിലും തുല്യമായി പങ്കാളികളാക്കാൻ ശാക്തീകരിക്കുകയും ചെയ്യുന്ന ഒരു പരിവർത്തനപരമായ വിദ്യാഭ്യാസ സമ്പ്രദായമാണ് കേരളം വിഭാവനം ചെയ്യുന്നത്. നീതിയിലും സുസ്ഥിരതയിലും വേരൂന്നിയ ഈ ലക്ഷ്യം, ശൈശവ ഘട്ടം മുതൽ ഉന്നത പഠനംവരെ ഗുണമേന്മയുള്ള വിദ്യാഭ്യാസം സാർവത്രികമായി ലഭ്യമാക്കിക്കൊണ്ടും, വിവരസാങ്കേതിക വിദ്യ, നൈപുണ്യവികസനം, സംരംഭകത്വം എന്നിവയ്ക്ക് പ്രോത്സാഹനം നൽകിക്കൊണ്ടും, സാംസ്കാരികമായി വേരൂന്നിയവരും, സാമൂഹികമായി ഉത്തരവാദിത്തമുള്ളവരും, സാമ്പത്തികമായി സ്വയംപര്യാപ്തരുമായ ഒരു തലമുറയെ സൃഷ്ടിക്കാൻ സംസ്ഥാനം ലക്ഷ്യമിടുന്നു.

1. **ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം/സീറോ ഡ്രോപ് ഔട്ട് ലക്ഷ്യം**

   വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ വെളിച്ചത്തിൽ എല്ലാ പട്ടികവർഗ്ഗ സമുദായങ്ങളിലെയും കുട്ടികളുടെ സ്കൂൾ പ്രവേശനം, കുട്ടികളെ സ്കൂളിൽ തുടർച്ചയായി നിലനിർത്തൽ, ഗുണമേന്മയുള്ള വിദ്യാഭ്യാസം എന്നിവ ഉറപ്പാക്കുന്നതിനും കൊഴിഞ്ഞു പോക്ക് പൂർണ്ണമായും ഇല്ലാതാക്കുന്നതിനുള്ള കർമ്മപരിപാടികൾ വിദ്യാഭ്യാസം, പ്രാദേശിക ഭരണകൂടം, ആരോഗ്യം, വനം തുടങ്ങിയ വകുപ്പുകളുടെയും വിവിധ ഏജൻസികളുടെയും ഏകോപനത്തിലൂടെ ആവിഷ്ക്കരിച്ച് നടപ്പിലാക്കും. വിദ്യാഭ്യാസ കാര്യത്തിൽ വിവിധ പട്ടികവർഗ സമൂഹങ്ങൾ തമ്മിൽ നിലനിൽക്കുന്ന അന്തരം പഠനവിധേയമാക്കി, സ്കൂൾ വിദ്യാഭ്യാസത്തിൽ സമുദായ കേന്ദ്രീകൃത, വ്യക്തിഗത പരിപാലന പദ്ധതി നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കും. ഭാഷ, കണക്ക്, സയൻസ് പഠനം കൂടുതൽ ശാസ്ത്രീയവും രസകരവുമാക്കി മാറ്റുന്നതിന് സഹായിക്കുന്ന ബോധന സമ്പ്രദായവും സാർവത്രികമാക്കും.

2. **രക്ഷകർത്തൃ വിദ്യാഭ്യാസം**

   കുട്ടികളുടെ വിദ്യാഭ്യാസ അവകാശത്തെക്കുറിച്ചും വിദ്യാഭ്യാസത്തിലൂടെ ഉണ്ടാകുന്ന സാമൂഹ്യ ഉന്നതിയെ കുറിച്ചും രക്ഷിതാക്കൾക്ക് ബോധവൽക്കരണം ആവശ്യമാണ്. രക്ഷിതാക്കൾക്കുള്ള സാക്ഷരതാ, ഡിജിറ്റൽ വിദ്യാഭ്യാസ, പ്രത്യേക ബോധവല്ക്കരണ പരിപാടികൾ എല്ലാ ഗോത്ര സമുദായങ്ങൾക്കും ഉന്നതികൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതാണ്.

3. **പ്രൈമറുകൾ**

പട്ടികവർഗ കുട്ടികൾ സ്കൂളിലെത്തുമ്പോൾ അവരുടെ മാതൃഭാഷയും ക്ലാസ്സും വിനിമയ ഭാഷയും തമ്മിൽ നിലനില്ക്കുന്ന അന്തരം പ്രാഥമിക പഠനാനുഭവങ്ങൾ ആർജ്ജിക്കാനുള്ള ശേഷികളെ പരിമിതപ്പെടുത്തുന്നു. പ്രാഥമിക ഘട്ടത്തിൽ പഠനാനുഭവങ്ങൾ ലഭിക്കാവുന്ന തരത്തിൽ കുട്ടികളുടെ ആശയവിനിമയ ഭാഷയിൽ പഠന സാമഗ്രികൾ (പ്രൈമറുകൾ) വിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ തയ്യാറാക്കി അധ്യയനം നടത്തുന്നതിനും ക്രമാനുഗതമായി അവരെ പൊതുധാരയിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കും. വിദ്യാർത്ഥികൾക്കായി Early Childhood Education Programme നടപ്പിലാക്കും.

4. **മോഡൽ പ്രീപ്രൈമറി സ്കൂളുകൾ**

31 മോഡൽ പ്രീസ്കൂളുകളിൽ എത്തുന്ന കുട്ടികളുടെ തനതു ഭാഷയ്ക്ക് അനുസൃതമായ പ്രൈമറുകൾ വികസിപ്പിക്കും. അധ്യാപകർക്ക് പരിശീലനം നൽകും. 3-6 വയസിൽ എല്ലാ പട്ടികവർഗ്ഗ കുട്ടികൾക്കും പ്രീ-സ്കൂൾ വിദ്യാഭ്യാസം ലഭിക്കുന്നു എന്ന് ഉറപ്പാക്കും.

5. **മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ**

എല്ലാ മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും ഭൗതിക സാഹചര്യങ്ങൾ മികച്ച നിലവാരത്തിലേയ്ക്ക് ഉയർത്തും. വിപുലമായ സൗകര്യങ്ങൾ ഉള്ള ഹോസ്റ്റൽമുറികൾ, ആധുനിക ക്ലാസ് മുറികൾ, ടോയ്‌ലറ്റുകൾ, മികച്ച കുടിവെള്ള സംവിധാനം, ഐ റ്റി ലാബ്, ഡിജിറ്റൽ ലൈബ്രറി, മികച്ച കളിസ്ഥലം തുടങ്ങിയവ ഏർപ്പെടുത്തും. നവോദയ സ്കൂൾ മാതൃകയിൽ, വിദേശ ഭാഷ പഠന സൗകര്യം കൂടി ഉൾപ്പെട്ട മികച്ച അക്കാദമിക് പഠനം ഉറപ്പാക്കും. ഇവയുടെ പ്രവർത്തനം വിലയിരുത്തുന്നതിനുള്ള അധികാരം പ്രദേശിക ഭരണകൂടങ്ങൾക്ക് നൽകും. റസിഡൻഷ്യൻ സ്കൂളിലെ 20 കുട്ടികൾക്ക് ഒരധ്യാപകനും ഒരു ട്യൂട്ടറും എന്ന അനുപാതം കൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിക്കും.

6. **പരിവർത്തനോന്മുഖ അധ്യാപക പരിശീലനം**

ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി മോഡൽ റസിഡൻഷ്യൽ സ്കൂളുകളിലേയും വിദ്യാർത്ഥികൾ കൂടുതലുള്ള പൊതു സ്കൂളുകളിലെയും അധ്യാപകർക്ക് പരിവർത്തനോന്മുഖ പരിശീലനം വിദ്യാഭ്യാസ വകുപ്പിന്റെ പിന്തുണയോടെ നൽകും.

7. **പ്രീമെട്രിക് -പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ**

പ്രീമെട്രിക്-പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കും. ഇതിനായി പ്രീ-മെട്രിക് പോസ്റ്റ്മെട്രിക് ഹോസ്റ്റലുകളുടെ നിലവിലുള്ള അവസ്ഥ സമഗ്രമായി

വിലയിരുത്താൻ പഠനം നടത്തും. ഹോസ്റ്റലുകളിൽ കുട്ടികളുടെ ആരോഗ്യ പോഷക നിലവാരം മാസത്തിലൊരിക്കൽ പരിശോധിക്കാൻ സംവിധാനം ഉണ്ടാക്കും. ഹോസ്റ്റലുകൾ സ്ഥിതി ചെയ്യുന്ന സ്ഥലങ്ങളിലെ പ്രാദേശിക ഭരണകൂടങ്ങളുടെ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഹോസ്റ്റൽ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കും. ഇവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനുള്ള അധികാരം പ്രാദേശികഭരണകൂടങ്ങൾക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

8. **പരിഹാരബോധന പ്രവർത്തനങ്ങൾ**

മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, ഹോസ്റ്റലുകൾ എന്നിവിടങ്ങളിൽ താമസിച്ചു പഠിക്കുന്ന കുട്ടികളുടെ കാര്യത്തിൽ അവരുടെ പഠനശേഷികൾ ഓരോ ക്ലാസിലും വിലയിരുത്തി ആവശ്യമായ പരിഹാരബോധന പ്രവർത്തനങ്ങൾ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് നടപ്പാക്കും. ഇതിനായി പ്രത്യേക അധ്യാപകരെ ചുമതലപ്പെടുത്തി ഒരു മെന്ററിംഗ് പ്രോഗ്രാം രൂപീകരിക്കും. രാജ്യത്തെ മികച്ച ഉന്നത വിദ്യാഭ്യാസ കേന്ദ്രങ്ങളിൽ പഠിക്കുന്നതിനുള്ള പ്രാപ്തി നേടുന്നതിന് സഹായിക്കുന്നതാകും ഈ പ്രോഗ്രാം.

9. **കുട്ടികളുടെ വ്യക്തിത്വവികസനം**

റസിഡൻഷ്യൽ സ്കൂളുകളിൽ കുട്ടികളുടെ വ്യക്തിത്വ വികസനം, ആശയവിനിമയശേഷി, കലാകായികശേഷി തുടങ്ങിയ ശേഷികളുടെ വികസനത്തിന് പ്രത്യേക പരിശീലനങ്ങൾ സംഘടിപ്പിക്കും. പട്ടികവിഭാഗ വിദ്യാർത്ഥികൾ കൂടുതലുള്ള പൊതു സ്കൂളുകളിലും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സഹായത്തോടെ ഇത് നടപ്പാക്കും.

10. **ഉന്നത വിദ്യാഭ്യാസം**

ഭാവി പഠന സാധ്യതകൾ, തൊഴിൽ സാധ്യതകൾ, മത്സര പരീക്ഷയ്ക്കുള്ള പരിശീലനങ്ങൾ, ആശയ വിനിമയശേഷി, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്ന പരിശീലനങ്ങൾ എന്നിവ ഉൾപ്പെടുത്തിക്കൊണ്ടുള്ള പരിവർത്തനാത്മക പഠന പദ്ധതികൾ ആവിഷ്കരിക്കും.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ പട്ടികവിഭാഗ പങ്കാളിത്തം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കും. സാങ്കേതിക വിദ്യാഭ്യാസം, എംബിബിഎസ്, ഡിപ്ലോമ കോഴ്സുകൾ പഠനം എന്നിവ ഇടയ്ക്കുവെച്ച് നിർത്തിയ വിദ്യാർഥികളെ കണ്ടെത്താൻ സർവ്വേ നടത്തും. അവരുടെ തുടർ പഠനം ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കും.

11. **കരിയർ സാധ്യതാ പരിശീലനങ്ങൾ**

പട്ടികവിഭാഗ വിദ്യാർത്ഥികൾക്ക് തുടർപഠന സാധ്യത, കരിയർ കൗൺസിലിംഗ്, തൊഴിൽ സാധ്യത എന്നിവയെക്കുറിച്ച് അറിവ് നൽകുക എന്നീ ലക്ഷ്യങ്ങൾ

മുൻനിർത്തി വിവിധ വിഷയങ്ങളിൽ വിദ്യാർത്ഥികളുടെ ശേഷികൾ തിരിച്ചറിഞ്ഞ് വികസിപ്പിക്കുന്നതിനുള്ള പ്രത്യേക കോഴ്സുകൾ റസിഡൻഷ്യൽ സ്കൂൾ കേന്ദ്രീകരിച്ച് നടത്തും. കോഴിക്കോട് കേന്ദ്രീകരിച്ചിട്ടുള്ള പരിശീലന സ്ഥാപനമായ ക്രസ്റ്റ് മാതൃക ഇതിനായി അവലംബിക്കും. ഇതോടൊപ്പം പട്ടികവിഭാഗ മേഖലകൾ കേന്ദ്രീകരിച്ച് സർക്കാർ പരീക്ഷകൾക്കും മത്സരപരീക്ഷകൾക്കുള്ള പരിശീലനങ്ങൾ സാമൂഹിക സഹായകേന്ദ്രങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കും.

12. **ഫിനിഷിംഗ് സ്കൂളുകൾ**

വിദ്യാർത്ഥികളിൽ ഉന്നത വിദ്യാഭ്യാസ മേഖലയിൽ പലവിധ കാരണങ്ങളാൽ പഠനം നിർത്തുന്നവരുണ്ട്. എൻജിനീയറിങ്, ബിരുദം, ഡിപ്ലോമ സാങ്കേതിക വിദ്യാഭ്യാസ കോഴ്സുകളിൽ ഇത് കൂടുതലായി കാണപ്പെടുന്നു. ഈ പ്രശ്നം പരിഹരിക്കുന്നതിന് ഫിനിഷിംഗ് സ്കൂളുകൾ ജില്ലകളിൽ ആരംഭിക്കുന്നതാണ്.

13. **വിദ്യാഭ്യാസ പദ്ധതികളുടെ സാമ്പത്തിക ആനുകൂല്യം വർധിപ്പിക്കുന്നത്.**

കുട്ടികൾക്കുള്ള ധനസഹായം കാലാനുസൃതമായി വർദ്ധിപ്പിക്കും. ഓരോ മൂന്നുവർഷം കൂടുമ്പോഴും ജീവിത ചെലവുകൾക്കനുസരിച്ച് തുക പുതുക്കി നിശ്ചയിക്കും. ബിരുദ-ബിരുദാനന്തര വിദ്യാർത്ഥികൾക്ക് പ്രൈവറ്റ് ഹോസ്റ്റലിൽ താമസിക്കാൻ നിലവിലുള്ള സ്റ്റൈപന്റ് വർധിപ്പിക്കും.

14. **ഇൻസ്പയർ പ്രോഗ്രാം**

കേരള സ്റ്റാർട്ടപ്പ് മിഷന്റെ സഹായത്തോടെ സംരംഭവുമായി ബന്ധപ്പെട്ട് നവീനാശയങ്ങൾ മുന്നോട്ട് വക്കാൻ വിദ്യാർത്ഥികൾക്ക് മാത്രമായി ഇൻസ്പയർ പോഗ്രാം (ഇന്നൊവേഷൻ ഇൻ സയൻസ് പർസ്യൂട്ട് ഫോർ ഇൻസ്പയർഡ് റിസർച്ച്) സംഘടിപ്പിക്കും. ഇന്നൊവേഷൻ, എന്റർപ്രണർഷിപ്പ് ഡെവലപ്മെന്റ് ആശയങ്ങളുടെ ശക്തിയും പരിമിതികളും വിലയിരുത്താനും സ്റ്റാർട്ട് അപ്പ് ആരംഭിക്കാനും പിന്തുണ നൽകും.

15. **സാമൂഹ്യ പഠനമുറികൾ**

സംസ്ഥാനത്ത് നിലവിൽ 364 സാമൂഹ്യ പഠനമുറികൾ പ്രവർത്തിക്കുന്നു. നിലവിലുള്ളവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുകയും ഗുണനിലവാരം വർദ്ധിപ്പിക്കുകയും ആവശ്യാനുസൃതം എണ്ണം വർദ്ധിപ്പിക്കുകയും ചെയ്യും. സാമൂഹ്യ പഠനമുറികൾ മൾട്ടിപർപ്പസ് ഡിജിറ്റൽ സ്റ്റഡി സെന്ററുകളായി പരിവർത്തനം ചെയ്യുന്നതാണ്.

# ആരോഗ്യം

## സമഗ്ര ആരോഗ്യ പരിപാലനം

എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടേയും ശാരീരികവും മാനസികവും സാമൂഹികവുമായ ക്ഷേമത്തിനുവേണ്ടി ആധുനികവും പരമ്പരാഗതവും തദ്ദേശീയവുമായ വിജ്ഞാന സമ്പ്രദായങ്ങളുമായി സംയോജിപ്പിച്ചതും ഗുണമേന്മയുള്ള പരിചരണം, പോഷകാഹാരം, ശുചിത്വം, മാതൃ-ശിശു ആരോഗ്യ സേവനങ്ങൾ, മാനസികാരോഗ്യ പിന്തുണ നൽകുന്നതും സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തുന്നതും ആരോഗ്യപരമായ അസമത്വങ്ങൾ ഇല്ലാതാക്കുന്ന തുമായ തുല്യവും, പ്രാപ്യവും, സാംസ്കാരികമായി സംവേദനക്ഷമവുമായ ആരോഗ്യ പരിപാലനം ഉറപ്പാക്കും.

**1. ഊരു മിത്രം ആശാ പ്രോഗ്രാം**

- ആർദ്രം ഒന്നാം ഘട്ടത്തിന്റെ ഭാഗമായി ആരംഭിച്ച ഊരു മിത്രം ആശാ പ്രോഗ്രാം എല്ലാ ജില്ലയിലേയും എല്ലാ പട്ടികവർഗ്ഗ മേഖലകളിലും ഇത് നടപ്പാക്കും.

2. **ഉന്നതികളിൽ ജനകീയ ആരോഗ്യകേന്ദ്രങ്ങൾ (അനുബന്ധ കേന്ദ്രങ്ങൾ)**

- ഫീൽഡ് തലത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ (ഉപകേന്ദ്രങ്ങൾ) ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അമ്പതിൽ കൂടുതൽ വീടുകളുള്ള ഊരുകളിലും സമീപ ഉന്നതികൾ കേന്ദ്രീകരിച്ചും ഒരു ജനകീയ ആരോഗ്യ കേന്ദ്രം/ഉന്നതി ജനകീയ ആരോഗ്യ ഉപകേന്ദ്രങ്ങൾ ആരംഭിക്കും.
- അവിടങ്ങളിൽ എം.എൽ.എസ്.പി.-യുടെ സേവനവും ഉപകേന്ദ്രവും ഊരു മിത്രം/ജനറൽ ആശമാരുടെയും സേവനങ്ങൾ ഏകോപിപ്പിച്ച് ട്രൈബൽ പ്രൊമോട്ടറുടെയും വിവിധ വകുപ്പുകളുടെ വികസനകാര്യങ്ങളുടെ ഒരു ഏകോപന സെന്റർ ആയി മാറ്റുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.
- ആരോഗ്യ വകുപ്പിന്റെ പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങളും, ജീവിതശൈലി രോഗ നിയന്ത്രണ പ്രവർത്തനങ്ങളും, അമ്മമാരുടെയും കുട്ടികളുടെയും ആരോഗ്യവും പോഷണ നിലവാരവും വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ, ലാബ് പരിശോധനയ്ക്ക് സാമ്പിളുകൾ ശേഖരിക്കൽ, കുടിവെള്ളത്തിന്റെ ഗുണമേന്മ പരിശോധന തുടങ്ങിയവയൊക്കെ ഈ കേന്ദ്രങ്ങൾ വഴി ഫലപ്രദമായി നടപ്പിലാക്കുന്നതാണ്. പ്രവർത്തനക്ഷമമല്ലാത്ത ഏകാധ്യാപക വിദ്യാലയങ്ങൾ ഉന്നതിതലത്തിൽ ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ ആക്കി മാറ്റുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.

3. **ഉന്നതി ആരോഗ്യ ശുചിത്വ പോഷണസമിതികൾ**

- വാർഡ് തല ആരോഗ്യ ശുചിത്വ പോഷണ സമിതികളുടെ മാതൃകയിൽ, എല്ലാ ഊരിലും, ഉന്നതിതല സമിതികൾ ഊരുമിത്രം ആശയുടെ നേതൃത്വത്തിൽ, ആരോഗ്യ പ്രവർത്തകരെയും ഊരുതല ആരോഗ്യ വോളന്റീയർമാരേയും ഉൾപ്പെടുത്തി പ്രവർത്തന സജ്ജമാക്കുന്നതാണ്.

4. **പട്ടികവർഗ്ഗ ആരോഗ്യ വളണ്ടിയർ**

- നിശ്ചിത എണ്ണം കുടുംബങ്ങൾക്ക് ഒരു വളണ്ടിയർ എന്നുള്ള നിലയ്ക്ക് പ്രധാനമായും സ്ത്രീകൾക്ക് മുൻഗണന കൊടുത്തുകൊണ്ട് വീടുകൾക്ക് ആവശ്യമായ ആരോഗ്യ വളണ്ടിയർ എങ്കിലും ഊരുമിത്രം ആശയ്ക്കും മറ്റ് ജനറൽ ആശമാർക്കും ആരോഗ്യപ്രവർത്തകർക്കും ഒപ്പം പ്രവർത്തിക്കുന്നതിനു വേണ്ടി തെരഞ്ഞെടുക്കുകയും പരിശീലനവും ഇൻസെന്റീവും കൊടുക്കുന്നതാണ്.

5. **പട്ടികവർഗ്ഗ ഡിജിറ്റൽ ഹെൽത്ത് പ്ലാറ്റ്ഫോം.**

- ട്രൈബൽ പ്രമോട്ടർ, ആരോഗ്യപ്രവർത്തകർ, ആശ, ഊരുമിത്രം ആശ തുടങ്ങിയവരുടെ പ്രവർത്തനങ്ങൾ ഏകോപിപിച്ച് പട്ടികവർഗ്ഗ ഉന്നതികളുടെ തലത്തിൽ ആരോഗ്യ, കുടിവെള്ള, ശുചിത്വ മാപ്പിംഗ് റെഗുലറായി അപ്ഡേറ്റ് ചെയ്യുന്ന ഒരു സംവിധാനവും അതുവഴി ജില്ലാ സംസ്ഥാനതലങ്ങളിൽ നിന്ന് ഇത് മോണിറ്ററിനുള്ള സൗകര്യവും അപ്പോഴപ്പോഴുള്ള പ്രശ്നപരിഹാരത്തിനുള്ള തുടർനടപടികളും ഏർപ്പെടുത്താവുന്നതാണ്.
- ഈ സംവിധാനത്തിന്റെ അനുബന്ധ പ്രോഗ്രാം എന്ന നിലയ്ക്ക് തന്നെ ഐ.ഡി.എസ്.പി., ഐ.എച്ച്.ഐ.പി.-യുടെ ഭാഗമായി ഊരുതലത്തിൽ നിത്യേന യുള്ള പകർച്ചവ്യാധി രോഗങ്ങളുടെ റിപ്പോർട്ടിങ്ങും ആഴ്ചയിലൊരിക്കലുള്ള ഐ.ഡി.എസ്.പി. റിപ്പോർട്ടിങ്ങും നടത്തി നിരീക്ഷണ വിധേയമാക്കാവുന്നതാണ്. ജീവിതശൈലി രോഗങ്ങളും കാൻസർ, മാനസികാരോഗ്യ പ്രശ്നങ്ങൾ തുടങ്ങിയവയ്ക്ക് തുടർ പരിശോധനകൾ ഉറപ്പുവരുത്തുന്നതാണ്.

6. **പട്ടികവർഗ്ഗ മേഖലകളിലെ PHC,FHC, CHC-കൾ ശക്തിപ്പെടുത്തൽ**

- പ്രധാന പട്ടികവർഗ്ഗ സങ്കേതങ്ങളോട് അനുബന്ധിച്ചുള്ള അല്ലെങ്കിൽ പ്രത്യേകിച്ചും പിവിടിജി കുടുംബങ്ങൾ കൂടുതൽ താമസിക്കുന്ന മേഖലകളിലെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ കുടുംബാരോഗ്യ കേന്ദ്രങ്ങൾ/ഇതെ എന്നിവ ഉദ്ദേശിക്കുന്ന സ്റ്റാഫ് ഘടനയോട്കൂടി വൈകിട്ട് ആറുമണിവരെ പ്രവർത്തിക്കുന്ന രീതിയിൽ പ്രവർത്തനസജ്ജമാക്കേണ്ടതാണ്. ഇക്കാര്യത്തിനും ആവശ്യമായ ക്രിട്ടിക്കൽ സ്റ്റാഫിനെ കോൺടാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിനും പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ഫണ്ട് കൂടി പ്രയോജനപ്പെടുത്താവുന്നതാണ്.

7. **അടിയന്തര ചികിത്സസൗകര്യം താമസം കൂടാതെ ലഭ്യമാക്കാനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനവുമായി ചേർന്ന് ഉറപ്പാക്കൽ**

എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും അടിയന്തരഘട്ടങ്ങളിൽ വാഹനസൗകര്യം ഒരുക്കുന്നതിനുള്ള ഫണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനം വഴി ഊരുതല സമിതിക്കു ലഭ്യമാക്കുന്നതും അവരതിന്റെ വരവ് ചിലവ് കണക്കുകൾ സൂക്ഷിക്കുന്നതുമാണ്.

8. **വിദഗ്ധ ചികിത്സ ഉറപ്പുവരുത്താനുള്ള നടപടികൾ**

താലൂക്ക്/ ജില്ലാ /ജനറൽ വനിത-ശിശു/ മെഡിക്കൽ കോളേജ് ആശുപത്രികളിൽ പട്ടികവിഭാഗങ്ങൾക്ക് ചികിത്സയും പരിശോധനയും അനുബന്ധകാര്യങ്ങളും തടസ്സം കൂടാതെ ലഭിക്കുന്നു എന്ന് ഉറപ്പുവരുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. നിലവിൽ സ്ഥാപനങ്ങളിൽ ഒരു ട്രൈബൽ പ്രൊമോട്ടറെ ഇതിനായി നിയമിച്ചുകൊണ്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് മെഡിക്കൽ ഓഫീസർക്ക് ചുമതല നല്കി, ലബോറട്ടറി, ഫർമസി, സ്റ്റാഫ് നേഴ്സ് എന്നീ വിഭാഗങ്ങളിലെ സ്റ്റാഫിനെ ഉൾക്കൊള്ളിച്ച് ഒരു ടീം ആക്കി മാറ്റി സൗജന്യ ചികിത്സ ഉറപ്പു വരുത്തുന്നതാണ്.

9. **സിക്കിൾസെൽ അനീമിയ ചികിത്സയും പെൻഷനും**

സർക്കാരിന്റെയും ആരോഗ്യ പട്ടികവർഗ്ഗ ക്ഷേമ വകുപ്പിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ സമഗ്രമായ സിക്കിൾ സെൽ അനീമിയ പ്രോജക്ട് രാജ്യത്തു ആദ്യമായി നടപ്പിലാക്കിയ സംസ്ഥാനമാണ് കേരളം. ദേശീയ പരിപാടിയുടെ ഭാഗമായി കൂടി യൂണിവേഴ്സൽ സ്ക്രീനിങ്ങും, ടെസ്റ്റിങ്ങും സമഗ്ര ആരോഗ്യ പരിചരണവും, കൗൺസിലിംഗും അടക്കമുള്ള പുതിയ പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. സിക്കിൾസെൽ അനീമിയ ആരോഗ്യപ്രശ്നമായിട്ടുള്ള വയനാട് ജില്ലയിലും, പാലക്കാട് ജില്ലയിലെ അട്ടപ്പാടി, മലപ്പുറം ജില്ലയിലെ നിലമ്പൂർ മേഖല എന്നിവിടങ്ങളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

10. **മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തലും കാര്യക്ഷമമാക്കലും.**

നിലവിൽ സംസ്ഥാനത്ത് പട്ടികവർഗ്ഗ മേഖലയിൽ ആരോഗ്യ വകുപ്പ്, ദേശീയ ഗ്രാമീണ ആരോഗ്യ മിഷൻ, പട്ടിക വർഗ്ഗക്ഷേമ വകുപ്പ്, ഐഎസ്എം വകുപ്പ്, ഹോമിയോ വകുപ്പ് എന്നിങ്ങനെ വിവിധ ട്രൈബൽ മൊബൈൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പാലിയേറ്റീവ് പരിചരണങ്ങൾക്കു വേണ്ടിയുള്ള പ്രത്യേകമായുള്ള സഞ്ചരിക്കുന്ന ക്ലിനിക്കുകളും പ്രവർത്തിച്ചു വരുന്നുണ്ട്.

ജില്ലകളിലും അതത് മേഖലകളിലും ഈ മൊബൈൽ യൂണിറ്റുകളുടെ പ്രവർത്തനം ഏകോപിപ്പിക്കാനും കഴിയുന്നത്ര ഇവ സംയോജിപ്പിച്ചുകൊണ്ടുള്ള ഫീൽഡ് തല പ്രവർത്തനങ്ങൾ നടത്താനും നടപടി സ്വീകരിക്കും.

11. **ലഹരിക്കെതിരെയുള്ള പ്രവർത്തനങ്ങൾ.**

പട്ടികജാതി/വർഗ്ഗ ഉന്നതികളെ സമ്പൂർണ്ണ ലഹരി വിമുക്തമാക്കും. ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും, ഊരുതല ആരോഗ്യ വളണ്ടിയർമാരുടെ പ്രവർത്തനങ്ങളും ഡി-അഡിക്ഷൻ സേവനങ്ങൾ ലഭ്യമാക്കാനുള്ള നടപടികളും ചെയ്യുന്നതോടൊപ്പം കൂടുതൽ വീടുകളുള്ള ഉന്നതികൾക്ക് മുൻഗണന നൽകി ഘട്ടംഘട്ടമായി ഉന്നതി സംസ്കാരിക നിലയങ്ങൾ പ്രവർത്തനസജ്ജമാക്കും. സായഹ്നങ്ങളിൽ ജനകീയ പങ്കാളിത്തത്തോടെ സാംസ്കാരിക പരിപാടികളുള്ള അന്തരീക്ഷം ഒരുക്കി മദ്യപാനത്തിനും മയക്കുമരുന്നിനും തടയിടാനാവുന്നതും മാനസിക ഉല്ലാസ സാധ്യതകൾ വർധിപ്പിക്കാവുന്നതുമാണ്.

12. **കാരുണ്യ ആരോഗ്യ സുരക്ഷാപ്രോഗ്രാം**

പുതുതായി രജിസ്ട്രേഷൻ ചെയ്യാനുള്ളവരും രജിസ്ട്രേഷൻ പുതുക്കാനുള്ള മുഴുവൻ പട്ടികവർഗ്ഗ വിഭാഗങ്ങളുടെയും കെഎഎസ്പി രജിസ്ട്രേഷൻ, മുൻപ് നാം സൂചിപ്പിച്ച ഊരുതല ആരോഗ്യ സമിതികൾ മുൻകൈയെടുത്ത് പൂർത്തിയാക്കുന്നതും ഇൻഷുറൻസ് സേവനം എല്ലാവർക്കും ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തി ആരോഗ്യപരമായ ഊരിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

# സാംസ്കാരികം

സമ്പന്നമായ പാരമ്പര്യങ്ങൾ, കലാരൂപങ്ങൾ, ഭാഷകൾ, തദ്ദേശീയ വിജ്ഞാന സമ്പ്രദായങ്ങൾ എന്നിവ പൂർണ്ണമായി സംരക്ഷിക്കപ്പെടുകയും, പുനരുജ്ജീവിപ്പിക്കപ്പെടുകയും, സംസ്ഥാനത്തിന്റെ സമഗ്ര വികസന ചട്ടക്കൂടിൽ സമന്വയിപ്പിക്കപ്പെടുകയും ചെയ്യുന്ന, സാംസ്കാരികമായി ഊർജ്ജസ്വലവും സാമൂഹികമായി ശാക്തീകരിക്കപ്പെട്ടതുമായ ഒരു പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തെയാണ് കേരളം വിഭാവനം ചെയ്യുന്നത്. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട്, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വൈവിധ്യമാർന്ന സാംസ്കാരിക പൈതൃകത്തെ രേഖപ്പെടുത്താനും, പ്രോത്സാഹിപ്പിക്കാനും, നവീകരിക്കാനും ഈ ലക്ഷ്യം ശ്രമിക്കുന്നു. ഇത് ആ പൈതൃകത്തെ സ്വത്വബോധം, അഭിമാനം, സുസ്ഥിരമായ ഉപജീവനം എന്നിവയുടെ ഉറവിടമാക്കി മാറ്റും.

തദ്ദേശ ജനതയുടെ സമഗ്ര പുരോഗതിക്ക് നിശ്ചയമായും ഇടപെടേണ്ട പ്രധാനപ്പെട്ട ആശയ മണ്ഡലവും പ്രവർത്തന മണ്ഡലവും സംസ്കാരത്തിന്റേതാണ്. അതാകട്ടെ നിത്യജീവിതത്തിന്റെ പ്രവർത്തന മേഖല കൂടിയാണ് . സമൃദ്ധവും സമ്പന്നവുമായ ഒരു സാംസ്കാരിക ഭൂമിക കേരളത്തിന്റെ നാനാ ഇടങ്ങളിലായി പടർന്ന് കിടക്കുന്ന വിവിധ പട്ടിക ജാതി- ഗോത്ര സമൂഹങ്ങളിലുണ്ട്. ഭാഷ ,വേഷം, ആചാരം, ഭക്ഷണം എന്നീ ഇടങ്ങളിലൊക്കെ തന്നെ വ്യത്യസ്തമായ സാംസ്കാരിക തലമാണ് നിലനിൽക്കുന്നത് എന്നതുകൊണ്ട് ഈ രംഗത്തെ സാംസ്കാരിക ഇടപെടൽ ഏക സ്വഭാവത്തിൽ ഉള്ളതാകാൻ പാടില്ല. അതത് വിഭാഗത്തിന്റെ സാംസ്കാരിക ബോധ്യങ്ങളെ തിരിച്ചറിഞ്ഞുകൊണ്ട് ഉള്ള ഒരു ഇടപെടൽ ആകും ഉചിതം.

ലോകത്തിലെ തദ്ദേശീയ ജനസമൂഹങ്ങളിലൊന്നാണ് രാജ്യത്തെ പട്ടിക വർഗ്ഗ ജനത. 90ൽ പരം രാജ്യങ്ങളിൽ അധിവസിക്കുന്ന, 5000 ൽ അധികം ഭാഷകളുടെയും ജീവിതരീതികളുടെയും വാഹകരായ തദ്ദേശീയ ജനതയുടെ ഉദ്ദേശ്യം 22% വും വസിക്കുന്നത് ഇന്ത്യയിലാണ്. അതുകൊണ്ട് തന്നെ അനിവാര്യമായും ഒരു സാംസ്കാരിക നയം പട്ടിക വർഗ്ഗ മേഖലയിൽ രൂപപ്പെടേണ്ടതുണ്ട്. തദ്ദേശീയ ജനസമൂഹങ്ങൾക്ക്, അവരുടെ നാളേറയായുള്ള, നിലവിലെ സാഹചര്യങ്ങളിൽ നിലനിർത്തുവാൻ കഴിയുന്ന ജീവിരീതികൾ നിലനിർത്തികൊണ്ട് പൊതുസമൂഹത്തിൽ സജീവ ഇടപെടലുകൾ നടത്തുവാൻ കഴിയുന്ന ഒരു സാംസ്ക്കാരിക നയമാണ് സംസ്ഥാനത്തെ ഗോത്രജനതയ്ക്കായി അവിഷ്ക്കരിക്കേണ്ടത്. ഈ മേഖലയിലെ സാംസ്കാരിക നയം രൂപീകരിക്കുമ്പോൾ അതിന്റെ അടിത്തറ കൃഷിയുമായി ബന്ധപ്പെട്ട ആവിഷ്കാരങ്ങൾ അടക്കം പരിഗണനയിൽ വരേണ്ടതുണ്ട് കാർഷിക സംസ്കാരവും അതിൽ ഊന്നിയുള്ള സാംസ്കാരിക രൂപങ്ങളും

മറ്റ ജനതയെക്കാൾ ഏറെ കൂടുതൽ ആഴത്തിൽ പട്ടികവർഗ്ഗ-ജാതി ജനസമൂഹങ്ങളിലാണ് വേരോടിയിട്ടുള്ളത് എന്ന് നമ്മൾ തിരിച്ചറിയുന്നുണ്ട്. ഓരോ വിഭാഗത്തിനും വ്യത്യസ്തവും തനതുമായ ആവിഷ്കാര രൂപങ്ങളും ഭാഷാപ്രയോഗങ്ങളും ഉള്ളതിനാൽ സാംസ്കാരിക നയം രൂപീകരിക്കുമ്പോൾ പൊതുവിൽ ഒരു രീതിശാസ്ത്രവും എന്നാൽ ഓരോ വിഭാഗത്തിനും വ്യത്യസ്തമായ രീതിശാസ്ത്രവും സമീപനത്തിൽ രേഖപ്പെടുത്തേണ്ടതുണ്ട്. ശകലിതമാകുന്ന ഭൂമി പട്ടികവർഗ്ഗ മേഖലയിലെ ഒരു പ്രധാന വിഷയമായി നിൽക്കേ കൂടുതൽ കൂടുതൽ കാർഷികവൃത്തി പ്രോത്സാഹിപ്പിക്കപ്പെടുമ്പോൾ മാത്രമാണ് കാർഷികവൃത്തിയുമായി ബന്ധപ്പെട്ട കലാരൂപങ്ങൾക്ക് നിലനിൽപ്പ് ഉണ്ടാവുക.

1. **ഭാഷ**

സംസ്കാരത്തിന്റെ ഏറ്റവും സൂക്ഷ്മമണ്ഡലം ഭാഷയായതിനാൽ ഭാഷയിലുള്ള ഇടപെടൽ ഏത് ജനതയുടെയും സാംസ്കാരിക ഉന്നമനത്തിന് സഹായകമാകും. ഭാഷാവൈവിധ്യം കൊണ്ട് സമ്പന്നമാണ് കേരളത്തിലെ ഗോത്ര മേഖല. മാതൃഭാഷയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസമാണ് ഏത് ജനതയുടെയും പുരോഗതിക്ക് നിദാനം എന്നിരിക്കെ ഈ മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഭാഷയുടെ അടിസ്ഥാനത്തിൽ തന്നെ പുനക്രമീകരിക്കേണ്ടതുണ്ട്. ഇംഗ്ലീഷ്, മലയാളം എന്നിവയിലും തങ്ങളുടെ ഗൃഹഭാഷയിലും പ്രാവീണ്യം ഉറപ്പ് വരുത്തുന്ന പ്രവർത്തനങ്ങളും പദ്ധതികളുമാണ് വിഷൻ 2031ന്റെ ഭാഗമായി ആവിഷ്ക്കരിക്കുന്നത്.

2. **കലാവിഷ്കാരങ്ങൾ**

ഏതു വിഭാഗത്തിന്റെയും സംസ്കാരത്തിന്റെ മാപിനികളിൽ ഒന്ന് അതത് ഇടങ്ങളിൽ നിലനിൽക്കുന്ന കലാവിഷ്ക്കാരങ്ങൾ ആണെന്നിരിക്കെ കേരളത്തിലെ പട്ടികവർഗ്ഗ-ജാതി സമുദായങ്ങൾക്ക് ഇടയിൽ പ്രചാരത്തിൽ ഉണ്ടായിരുന്നതും ഇപ്പോഴും പ്രചാരത്തിൽ ഉള്ളതുമായ കലാവിഷ്കാരങ്ങൾ തിരിച്ചറിഞ്ഞ് സംരക്ഷിക്കുക എന്നുള്ളതാണ് ആദ്യപടി. തുടർന്ന് ആ രംഗത്ത് നിലനിൽക്കുന്ന കലാകാരന്മാരെയും കലാകാരികളെയും പ്രോത്സാഹിപ്പിക്കുന്ന ഇടപെടലുകൾ ഉണ്ടാകേണ്ടതുണ്ട്. നവകേരള സാംസ്കാരികതയുടെ ഭാഗമായിത്തന്നെ മറ്റ എല്ലാ വിഭാഗങ്ങൾക്കൊപ്പം തുല്യ പ്രാധാന്യത്തോടെ കൂടി ഈ മേഖലയിലെ കലാവിഷ്കാരങ്ങൾ ഇടം പിടിക്കാൻ ഉള്ള പരിശ്രമങ്ങൾ നടത്തേണ്ടതാണ്. അതിനായി 2024-25 വർഷത്തിൽ സംസ്ഥാന സ്കൂൾ കലോത്സവത്തിൽ അഞ്ച് ഗോത്ര കലകൾ ഉൾപ്പെടുത്തിയത് പ്രശംസനീയമാണ്. നവസാങ്കേതികതയുടെ വർത്തമാനകാലത്ത് ഈ മേഖലയിലെ കലാപ്രവർത്തകർക്ക് ആ രംഗത്തെ കാര്യക്ഷമമായി ഇടപെടലിനായി എല്ലാ സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതാണ്.

3. **സാഹിത്യം**

നാളേറെയായി ഗോത്രജനതയിൽ പ്രചാരത്തിലുള്ള എല്ലാ സാഹിത്യ സൃഷ്ടികളും വാമൊഴിതലത്തിലാണ് നിലകൊള്ളുന്നത്. അവ ഒരു വ്യക്തിയുടെ മാത്രം സൃഷ്ടിയല്ല. മറിച്ച് തലമുറകളിലൂടെ വ്യാപിച്ച നിൽക്കുന്ന ഒരു കൂട്ടം ആളുകളുടെ, ഒരു ജനതയുടെ തന്നെ സംഭാവനയാണ്. അതുകൊണ്ടുതന്നെ, ഗോത്രജനതയുടെ വായ്മൊഴി പാട്ടുകളിൽ വേറിട്ട സംഗീതവും വൈകാരിക തലവും അനുഭവവേദ്യമാണ്. ഇക്കാരണംകൊണ്ടുതന്നെ, ഗോത്രജനതയുടെ വായ്മൊഴി പാട്ടുകൾക്കും അവയുൾക്കൊള്ളുന്ന സംഗീതത്തിനും സാങ്കേതികതയെ ആധാരമാക്കികൊണ്ടുള്ള, പ്രധാനമായും നാഗരിക മനോനിലയുള്ളവരെ ലക്ഷ്യം വയ്ക്കുന്ന, 'ആധുനിക സംഗീത'ത്തിൽ നിന്നും വേറിട്ട അസ്ഥിത്വം ദർശിക്കുവാൻ സാധിക്കും.

കിർടാഡ്സ് വകുപ്പ് നടത്തുന്ന സാഹിത്യ ക്യാമ്പുകൾ, സാഹിത്യോത്സവങ്ങൾ, വകുപ്പുകൾ നടത്തുന്ന ഇടപെടലുകൾക്കു പുറമേ പട്ടിക ജാതി-വർഗ്ഗ ജനസമൂഹങ്ങളിൽ നിന്നുള്ള എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുന്നതിന് പുതിയ പദ്ധതികളാവിഷ്കരിക്കും.

4. **ഭക്ഷ്യ സംസ്ക്കാരം**

പോഷകസമൃദ്ധമായ ഒരു ഭക്ഷണക്രമമാണ് മിക്ക പട്ടിക വർഗ്ഗ ഉന്നതികളിലും നിലവിലുണ്ടായിരുന്നത്. ഗോത്ര ജനതയുടെ പാരമ്പര്യ ജീവിത വീക്ഷണത്തിൽ പ്രകൃതിയോടും മണ്ണിനോടും സസ്യജന്തുജാലങ്ങളോടും വൈകാരികമായ അടുപ്പമാണുള്ളത്. എന്നാൽ ഗോത്ര ജനതയുടെ കൃഷിരീതികളെ ജൈവകൃഷിരീതിയായിട്ടോ ഭക്ഷ്യവിളകളെ ജൈവഭക്ഷ്യ ഇനങ്ങളായോ പരിഗണിക്കപ്പെടുന്നില്ല. ഗോത്ര ജനതയുടെ കൃഷിയിടങ്ങളിൽ മാത്രമാണ് നൂതന ശാസ്ത്ര ഗവേഷണങ്ങൾക്കും മറ്റും ആവിശമായ 'വന്യ ഇനങ്ങൾ' ഇന്നും നിലനിൽക്കുന്നത്. കൃഷിയിൽ വരുന്ന ശോഷണവും കൃഷി ഭൂമിയിൽ വരുന്ന കുറവും സമ്പന്നമായ ഈ ഭക്ഷണ പാരമ്പര്യത്തെ സാരമായി ബാധിക്കുന്നതായി ആ മേഖലയിലെ പഠനങ്ങൾ തെളിവുകൾ നൽകുന്നു. അതിനാൽ ഭക്ഷ്യസംസ്കാരവുമായി ബന്ധപ്പെട്ട് ഗോത്ര മേഖലയിൽ സൂക്ഷ്മ ഗവേഷണവും അതിന്റെ അടിസ്ഥാനത്തിലുള്ള ഇടപെടലുകളും അനിവാര്യമാണ്.

5. **നവകേരളത്തിന് പുതുവിജ്ഞാനം**

നവകേരളത്തിന് പുതുവിജ്ഞാനം എന്ന ആശയം മുൻനിർത്തി വിത്തിനങ്ങൾ, വിളവുകൾ, പ്രകൃതി സ്രോതസ്സുകൾ ഒക്കെ ചേർന്ന് ജൈവ വൈവിധ്യസംബന്ധിയായി സംരക്ഷിച്ച നിർത്തിയിട്ടുള്ള എല്ലാ അറിവുകളും പൊതുഅറിവായി പരിവർത്തിപ്പിച്ചുകൊണ്ട് അതിന്റെ ഗുണഫലം എല്ലാവരിലേയ്ക്കും

എത്തിക്കുക എന്നുള്ള വിശാലവും വിപുലവുമായ ഒരു നവ കേരളസാംസ്കാരികത ഈ മേഖലയിലും ഉറപ്പുവരുത്തേണ്ടതുണ്ട്.

6. **സാംസ്ക്കാരിക മേഖലയിൽ സ്വീകരിക്കാവുന്ന ചില നടപടികൾ**

1. ഗോത്ര ഭാഷകളിൽ, വിശേഷിച്ചും ഗോത്രജനതയിലെ പുതുതലമുറയിൽപ്പെട്ടവർക്കും അവർക്കിടയിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുൾപ്പെടെയുള്ള ജീവനക്കാർക്കും മറ്റാളുകൾക്കും പ്രാവീണ്യം നൽകുന്നതിനായി സർട്ടിഫിക്കറ്റ് കോഴ്സുകൾ ഓൺലൈൻ ആയോ അല്ലാതെയൊ ആരംഭിക്കും.

2. പാഠ്യപദ്ധതിയിൽ തദ്ദേശീയ ജനതയുടെ പാട്ടുകൾ, വാമൊഴി സാഹിത്യം, ഈ മേഖലയിലെ എഴുത്തുകാരുടെ സാഹിത്യ സൃഷ്ടികൾ കൂടുതലായി ഉൾപ്പെടുത്തുക.

3. പട്ടിക ജാതി-വർഗ്ഗ ജനസമൂഹങ്ങളിൽ നിന്നുള്ള എഴുത്തുകാരെ കണ്ടെത്തി അവരുടെ പുസ്തകങ്ങളുടെ പ്രസാധനമടക്കമുള്ള കാര്യങ്ങളിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേ. സാ. അക്കാദമി, ബാല സാ.ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സ്ഥാപനങ്ങൾ ഇടപ്പെടുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുക.

4. വിദ്യാഭ്യാസ രംഗത്ത് പൊതുവായി നമ്മൾ സ്വീകരിക്കുന്ന ഒരു സമീപന രീതിയിൽ നിന്ന് വ്യത്യസ്തമായി ആ മേഖലയിലെ കുട്ടികൾ ആർജിച്ചിട്ടുള്ള, ആ പ്രദേശത്തെ കാർഷിക വിഭവങ്ങളെ, കൃഷി രീതിയെ, ജല വിഭവത്തെ അടക്കം ഉള്ള നാനാതരം അറിവുകൾ ആ അറിവുകൾ പരിശോധിക്കപ്പെടുകയും ആ അറിവ് പഠനത്തിൽ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

6. കൂടുതൽ ഗോത്ര കാലരൂപങ്ങളെ സംസ്ഥാന സ്ക്കൂൾ യുവജനോത്സവത്തിൽ മത്സര ഇനമായി ഉൾപ്പെടുത്തുക.

7. കേരളോത്സവ മാതൃകയിൽ പഞ്ചായത്ത്, ബ്ളോക്ക്, ജില്ലാ തലങ്ങളിൽ തദ്ദേശീയ ജനതയുടെ പാരമ്പര്യ കലകളുടെ അവതരണ മേളകൾ സംഘടിപ്പിക്കുക. പട്ടികവർഗ്ഗ-ജാതി ജനതയുടെ പാരമ്പര്യ കലകളുടെയും അറിവുകളുടെയും പരിപോഷണത്തിനായി നിയമനിർമ്മാണം നടത്തുക.

# ഉപജീവനവും തൊഴിലും, നൈപുണ്യ വികസനവും

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വികസനത്തിൽ ഏറ്റവും ശ്രദ്ധ നൽകേണ്ടതും നൂതനമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതുമായ മേഖലയാണ് തൊഴിൽ-ഉപജീവന വികസനം. ഉപജീവന സുരക്ഷ ഒരുക്കുന്നതിനായി തൊഴിലധിഷ്ഠിത നൈപുണ്യ പരിശീലന പരിപാടികൾ, സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള സഹായങ്ങൾ എന്നിവയെല്ലാം ഈ വിഭാഗങ്ങൾക്കു വേണ്ടി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ടെങ്കിലും അവ പരിമിതമാണ്. അതുകൊണ്ടുതന്നെ ഉപജീവന മേഖലയിൽ സർക്കാരിന്റെ കാലോചിതമായ ഇടപെടൽ ഇനിയും വരേണ്ടതുണ്ട്.

കേരള വികസന മാതൃകയുടെ ഒരു പ്രധാന വിടവായി കാണുന്നതു തൊഴിൽ ലഭ്യതയുടെയും തൊഴിൽ നഷ്ടത്തിന്റേതുമായ പ്രക്രിയയിൽ കാണുന്ന ജാതിപരവും ലിംഗപരവുമായ അസമത്വങ്ങളാണ്. സംസ്ഥാനത്തിന്റെ തൊഴിലില്ലായ്മ പ്രശ്നത്തിന് ഒരു പരിധിവരെ പരിഹാരമായത് ഗൾഫ് കുടിയേറ്റം ആയിരുന്നു. എന്നാൽ, മറ്റ് സംസ്ഥാനങ്ങളിലേക്കും വിദേശരാജ്യങ്ങളിലേക്കുമുള്ള തൊഴിൽ കുടിയേറ്റത്തിൽ ഉൾപ്പെടാൻ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് കഴിഞ്ഞിട്ടില്ല എന്നാണ് പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. ഇതോടൊപ്പം ചേർത്ത് വായിക്കേണ്ട ഒന്നാണ് കേരളത്തിലേക്കുള്ള ഇതര സംസ്ഥാന തൊഴിലാളികളുടെ ഒഴുക്ക്. 2017-18 ലെ കണക്ക് പ്രകാരം വിവിധ മേഖലകളിലായി ഏകദേശം 31 ലക്ഷം ഇതര സംസ്ഥാന തൊഴിലാളികൾ കേരളത്തിലുണ്ട്.

കാർഷിക തൊഴിലാളികളായും അവിദഗ്ധ തൊഴിലാളികളായും പണിയെടുത്തുവന്നിരുന്ന വിഭാഗമാണ് പട്ടിക വിഭാഗങ്ങൾ. എന്നാൽ, കാർഷിക മേഖലയുടെ തളർച്ചയും ഇതര സംസ്ഥാന തൊഴിലാളികളുടെ വരവും തൊഴിലും വരുമാനവും ഇവർക്കു നഷ്ടപ്പെടുത്തുന്ന അവസ്ഥ സംജാതമാക്കിയിട്ടുണ്ട്.

ചുരുക്കത്തിൽ വിദേശത്തേക്കുള്ള കുടിയേറ്റത്തിന്റെ ഒഴുക്കിൽ പെടാതെ പോവുകയും ഇതര സംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റത്തോടെ തൊഴിലും വരുമാനവും നഷ്ടമാവുകയും ചെയ്ത പട്ടികവിഭാഗങ്ങളുടെ ഉപജീവനത്തിൽ കാര്യക്ഷമമായ ഇടപെടൽ ആവശ്യമണ്. ഈ മേഖലയിൽ വരുത്തേണ്ട ക്രിയാത്മകമായ മാറ്റങ്ങളുടെയും പുതുസമീപനത്തിന്റെയും ആവശ്യകതയെ ഇതു ചൂണ്ടിക്കാട്ടുന്നു.

കൂടാതെ, മറ്റ് സമുദായങ്ങളിലെ വിദ്യാർഥികളെ അപേക്ഷിച്ച് പട്ടികജാതി സമുദായങ്ങൾക്കിടയിലെ അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ കൂടുതലാണ്. ക്ഷേമ പദ്ധതികളിൽ നിന്നും ഉപജീവനത്തിലേക്ക് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ടെന്ന് ഇതു നമ്മെ ഓർമിപ്പിക്കുന്നു.

**ഭാവി സമീപനം**

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി ഒരു സമഗ്രമായ തൊഴിൽ- ഉപജീവന സംരംഭകത്വ നയത്തിന് രൂപം നൽകുകയും പ്രസ്തുത നയത്തിന്റെ അടിസ്ഥാനത്തിൽ സ്ഥിരമായ ജീവനോപാധി ഉറപ്പാക്കുന്നതരത്തിൽ നൂതനമായ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കുക.

ഈ വിഭാഗങ്ങളുടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗവും സാമ്പത്തിക ശാക്തീകരണവും ഉറപ്പാക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും, നൈപുണ്യ വികസനം, സാമൂഹിക സംരക്ഷണ സംവിധാനങ്ങൾ, സുരക്ഷിതമായ തൊഴിൽ സാഹചര്യങ്ങൾ, എന്നിവയുടെ പിന്തുണയോടെ വിജ്ഞാന സമ്പദ്‌വ്യവസ്ഥയിലും (Knowledge Economy), വൈവിധ്യമാർന്ന വരുമാന ഉൽപ്പാദന പ്രവർത്തനങ്ങളിലും പുതുതായി ഉയർന്നുവരുന്ന മേഖലകളിലും ഇവരുടെ ക്രിയാത്മക പങ്കാളിത്തം ഉറപ്പാക്കി പട്ടിക വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതു ലക്ഷ്യമിട്ടാവണം തൊഴിൽ – ഉപജീവന സംരംഭകത്വ നയം രൂപീകരിക്കേണ്ടത്.

തൊഴിൽ ഉപജീവനം മെച്ചപ്പെടുത്തുന്നതിനായി 1) സംരംഭകത്വ വികസനം 2) നൈപുണ്യ വികസന പരിശീലനം എന്നിവ രണ്ട് ഉപാധികളായി സ്വീകരിക്കാവുന്നതാണ്. പ്രസ്തുത പരിശീലനം ലഭിച്ചവർക്ക് സംരംഭങ്ങൾ ആരംഭിക്കാനും സർക്കാർ/ സ്വകാര്യ മേഖലകളിൽ തൊഴിൽ നേടാനും കഴിയണം. ഇതോടൊപ്പം ഈ വിഭാഗങ്ങളിലെ ഭിന്നശേഷക്കാർക്കു കൂടി പ്രാപ്യമാകുന്ന പരിപാടികളും ഈ നയത്തിലുണ്ടാവേണ്ടതാണ്. മേൽ പരാമർശിച്ച രീതിയിലുള്ള അടിസ്ഥാന സമീപനമാണ് തൊഴിൽ-ഉപജീവനം സംബന്ധിച്ചുള്ള നയവും അതിനെ അടിസ്ഥാനമാക്കിയുള്ള പദ്ധതികൾക്കും വേണ്ടത്.

**പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കായി തൊഴിൽ-ഉപജീവന നയം:**

നിലവിൽ ഈ മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികളുടെ ഉടച്ചുവാർക്കലും, പുതിയ പദ്ധതികളുടെ രൂപീകരണവും നടത്തേണ്ടതുണ്ട്. തൊഴിൽ-ഉപജീവന മാർഗ്ഗ നയം ചുവടെ കൊടുത്തിരിക്കുന്ന മേഖലകൾ പരിഗണിക്കുന്നവയായിരിക്കണം.

1. സുസ്ഥിരമായ ഉപജീവനമാർഗ്ഗത്തിനുള്ള ഒരു മുൻവ്യവസ്ഥയായി പട്ടികജാതി/പട്ടികവർഗ സമൂഹങ്ങളുടെ വിദ്യാഭ്യാസ അടിത്തറ ശക്തിപ്പെടുത്തണം. വിദ്യാഭ്യാസത്തെ ഉപജീവന വികസനത്തിന്റെ കാതലായി പരിഗണിക്കുകയും തൊഴിലധിഷ്ഠിത സാങ്കേതിക വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകുകയും വേണം.
2. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരംഭകത്വ വികസനം.
3. വിവിധ മേഖലകളിലെ തൊഴിലുകൾക്കായി അഭ്യസ്ഥവിദ്യരായ പട്ടികജാതി യുവതീ-യുവാക്കളെ സജ്ജരാക്കുന്നതിനു വേണ്ടിയുള്ള നൈപുണ്യ പരിശീലനങ്ങളും തൊഴിൽ ലഭ്യമാക്കലും.
4. അഭ്യസ്തവിദ്യരല്ലാത്ത, അവിദഗ്ധ, അർധ-വിദഗ്ധ വിഭാഗങ്ങളുടെയും ഭിന്നശേഷി വിഭാഗങ്ങളുടെയും തൊഴിൽ മെച്ചപ്പെടുത്തുന്നതിനായുള്ള സമീപനവും പരിപാടികളും.
5. ഈ മേഖലയിൽ നിലവിലുള്ള സർക്കാർ-സർക്കാരിതര സംവിധാനങ്ങളെ തൊഴിൽ-ഉപജീവന മാർഗ്ഗങ്ങൾ സൃഷ്ടിക്കുന്നതിനായി ഉപയോഗിക്കേണ്ട രീതികൾ.
6. ഡിജിറ്റൽ, വിജ്ഞാന സമ്പദ്‌വ്യവസ്ഥയിൽ നിലവിലുള്ള നയങ്ങളുടെയും പദ്ധതികളുടെയും സംയോജനത്തോടെ പട്ടികവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക.

**തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തൊഴിൽ-ഉപജീവനം സംബന്ധിച്ച പദ്ധതികൾ**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ പദ്ധതികൾ പോലെ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മാർഗ്ഗരേഖയും ഈ വിഭാഗങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളെ

പരിഗണിക്കുന്നവയാണ്. തൊഴിൽ–ഉപജീവന മേഖലയിൽ കൃഷിയില്ലാത്തവർക്ക് പാട്ടകൃഷിക്കുള്ള സഹായം നൽകുക, വിദേശ തൊഴിൽ, സ്വയം തൊഴിൽ/പരിശീലനം, വരുമാന വർദ്ധന സംരംഭങ്ങൾ മുതലായവയ്ക്ക് പ്രോത്സാഹനം നല്കുക, വരുമാന വർദ്ധന പ്രോജക്റ്റുകൾക്ക് സബ്സിഡി, ബാങ്കുവായ്പ തരപ്പെടുത്തുന്നതിന് സഹായം എന്നിവയെല്ലാമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ മേഖലയിൽ ഏറ്റെടുക്കപ്പെട്ടിട്ടുള്ള പ്രോജക്റ്റുകളുടെ സമഗ്രമായ വിശകലനം നടത്തുകയും അനുയോജ്യമായ മാറ്റങ്ങൾ ഈ മേഖലയിൽ കൊണ്ടുവരേണ്ടതും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ രണ്ടാംതലമുറ വികസനപ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമാണ്. പദ്ധതിത്തുക വരുമാനം ഉണ്ടാക്കുന്ന പ്രവർത്തനങ്ങൾക്കായി (കുടുംബാധിഷ്ഠിത വരുമാനത്തിന്റെ വിടവ് നികത്തൽ, തൊഴിലും വരുമാനവും സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ) കൂടുതൽ ചെലവഴിക്കേണ്ടതുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ എസ്.സി.എസ്.പി, ടി.എസ്.പി ഫണ്ടിൽ നിന്നും ഒരു നിശ്ചിത ശതമാനം പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉപജീവനത്തിനു വേണ്ടി മാത്രമായി വകയിരുത്തുന്നത് ഉചിതമായിരിക്കും.

**പട്ടികജാതി പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ**

പട്ടിക വിഭാഗങ്ങളുടെ തൊഴിൽ സംരംഭകത്വ വികസനത്തിൽ നിർണ്ണായകമായ പങ്കുവഹിക്കാൻ കഴിയുന്ന സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണം അടിയന്തരമായി ഏറ്റെടുക്കേണ്ട ഒന്നാണ്. ഈ സംഘങ്ങൾക്ക് സർക്കാർ പദ്ധതികളിലൂടെ സഹായം നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകൾ കാലോചിതമായി പരിഷ്കരിക്കേണ്ടതാണ്. കൂടാതെ, വിജയിക്കാൻ സാധ്യതയുള്ള സംഘങ്ങളെ പ്രത്യേകം കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രത്യേക പാക്കേജിന് രൂപം നൽകാവുന്നതാണ്. ഇതിനു മുന്നോടിയായി പട്ടിക വിഭാഗങ്ങളുടെ സഹകരണ സംഘങ്ങളെ സംബന്ധിച്ചുള്ള പഠനം നടത്തുകയും പഠനത്തിന്റെ അടിസ്ഥാനത്തിൽ സംഘങ്ങളെ തരംതിരിച്ച് പ്രത്യേകമായ/അനുയോജ്യമായ മേഖലകളിൽ ഇടപെടുത്തുന്നതിനുള്ള പദ്ധതി രൂപികരിക്കുകയും വേണം. പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളിൽ നിന്നുള്ള സംരംഭകരുടെ വായ്പാ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി രൂപകൽപ്പന ചെയ്തിട്ടുള്ള കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ വികസന കോർപ്പറേഷൻ ലിമിറ്റഡും പട്ടികജാതി–പട്ടികവർഗ പ്രാഥമിക സഹകരണ സംഘങ്ങളുടെ പരമോന്നത സഹകരണ ഫെഡറേഷനായ കേരള സ്റ്റേറ്റ് ഫെഡറേഷൻ ഓഫ് എസ്സി/എസ്ടി വികസന സഹകരണ ലിമിറ്റഡിനെയും ഉപജീവനനയത്തിലെ വായ്പാ ഏജൻസിയാക്കാവുന്നതാണ്.

**കുടുംബശ്രീ**

പട്ടികജാതി/വർഗ്ഗ വികസനത്തിൽ കുടുംബശ്രീയുടെ പങ്ക് കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുമ്പോൾ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്ക് കാര്യമായ പ്രാതിനിധ്യം ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല കുടുംബശ്രീ മുഖേന നടപ്പിലാക്കുന്ന ഉപജീവന, സംരംഭകത്വ വികസന പരിപാടികളിലും പട്ടികജാതി വിഭാഗങ്ങളുടെ പ്രാതിനിധ്യം ഉണ്ടായിരിക്കണം. പട്ടികജാതി/പട്ടികവർഗ സംരംഭങ്ങൾക്കായി കുടുംബശ്രീയുടെ കീഴിൽ ഒരു പ്രത്യേക റിവോൾവിംഗ് ഫണ്ട് രൂപീകരിക്കുന്നതും അനുയോജ്യമായിരിക്കും. കുടുംബശ്രീയുടെ കീഴിൽ വിദ്ഗ്ധ പരിശീലനത്തിലൂടെ പരിചരണ ജോലികൾ (വയോജന പരിചരണം, കുട്ടികളുടെ സംരക്ഷണം, ഭിന്നശേഷിക്കാർക്കുള്ള സംരക്ഷണം) പ്രോത്സാഹിപ്പിക്കാവുന്നതാണ്.

**ഇന്റേൺഷിപ്പുകൾ**

യോഗ്യതയുള്ള പട്ടികജാതി യുവാക്കൾക്ക് ഇന്റേൺഷിപ്പുകൾ/അപ്രന്റീസ്ഷിപ്പുകൾ/ പ്ലേസ്മെന്റ് പരിശീലനം നൽകുന്നതിനായി TRACE (ട്രെയിനിംഗ് ഫോർ കരിയർ എക്സലൻസ്) എന്ന സംരംഭം സർക്കാർ ആരംഭിച്ചിട്ടുണ്ട്. സർക്കാർ സംവിധാനത്തിലും വിവിധ പദ്ധതികളുടെ നടത്തിപ്പിലും രണ്ട് വർഷത്തെ കാലയളവിൽ അപ്രന്റീസ്ഷിപ്പുകൾ/ജോലി പരിശീലനം വഴി തൊഴിൽ പരിചയവും നൈപുണ്യ വികസനവും നേടാനുള്ള അവസരം TRACE വാഗ്ദാനം ചെയ്യുന്നു. വകുപ്പിന്റെ ശ്രദ്ധേയമായ ഇടപെടലുകളിൽ ഒന്ന് അക്രഡിറ്റഡ് എഞ്ചിനീയേഴ്സ് പ്രോഗ്രാം ആണ്. ജസ്റ്റിസ്, വെൽഫെയർ ആൻഡ് ലീഗൽ അസിസ്റ്റൻസ് (JWALA) പദ്ധതിയിൽ നിയമ ബിരുദധാരികളെ അപ്രന്റീസുകളായി ഉൾപ്പെടുത്തുന്നു. അതുപോലെ, മറ്റ് വിവിധ തസ്തികകളിലും സമാനമായ അവസരങ്ങൾ നൽകിയിട്ടുണ്ട്. ഈ പ്രോഗ്രാമുകളും കൂടുതൽ ശക്തിപ്പെടുത്താവുന്നതാണ്.

**നൈപുണ്യ പരിശീലനം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകൾ നടപ്പിലാക്കുന്ന നൈപുണ്യ വികസന പരിശീലന പരിപാടികൾ തൊഴിൽ മേഖലയിലെ കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ട് പരിഷ്കരിക്കേണ്ടതാണ്. നൈപുണ്യ മേഖലയിൽ പ്രവർത്തിക്കുന്ന നോളെജ് മിഷന്റെ സർക്കാർ സർക്കാർ ഇതര ഏജൻസികളുടെ പരിശീലന പരിപാടികളിൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പ്രാതിനിധ്യം പരിശോധിക്കേണ്ടതും അത് ഉറപ്പാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**തൊഴിൽ–ഉപജീവനം–നൈപുണ്യ വികസനം**

a. സംരംഭകത്വ വികസനത്തിനായുള്ള പരിപാടികൾ, അഭ്യസ്ഥവിദ്യരായ യുവതീ–യുവാക്കൾക്കുള്ള നൈപുണ്യ പരിശീലങ്ങളും നിയമനവും, അഭ്യസ്തവിദ്യരല്ലാത്ത, അവിദഗ്ധ അർധ വിദഗ്ധ വിഭാഗങ്ങളുടെ തൊഴിൽ മെച്ചപ്പെടുത്തുന്നതിനായുള്ള സമീപനങ്ങളും പരിപാടികളും തൊഴിൽ– ഉപജീവന മാർഗ്ഗ നയത്തിന്റെ ഭാഗമായി രൂപപ്പെടുത്താവുന്നതാണ്.

b. തുടർ പരിശീലനങ്ങളും നിയമനവും ഉറപ്പാക്കേണ്ടതാണ്.

c. പട്ടികവർഗ്ഗ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തിവരുന്ന ഗോത്രജീവിക സ്വയംസഹായ സംഘങ്ങൾക്ക് കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നതിന് പട്ടികജാതി–പട്ടികവർഗ്ഗ വകുപ്പുകൾക്ക് കീഴിലെ നിർമ്മാണ പ്രവർത്തികൾ പ്രസ്തുത സംഘങ്ങൾക്ക് നൽകാവുന്നതാണ്. ഒരു ഏകോപന സംവിധാനം രൂപീകരിക്കേണ്ടതുണ്ട്.

d. പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തൊഴിൽ ഉറപ്പാക്കുന്നതിനു വേണ്ടി ലേബർ ബാങ്ക് എന്ന ആശയം പ്രാവർത്തികമാക്കാവുന്നതാണ്.

e. ട്രൈബൽ റിഹാബിലിറ്റേഷൻ ആൻഡ് ഡെവലപ്മെന്റ് മിഷൻ (ടി. ആർ. ഡി. എം.) വഴി ഭൂമി നൽകിയ ഇടങ്ങളിൽ അവിടുത്തെ ഭൂപ്രകൃതിക്കും മറ്റു സവിശേഷതകൾക്കും അനുസരിച്ച് ഉപജീവനത്തിനായി പ്രത്യേക മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

f. 50 ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗക്കാർ താമസിക്കുന്ന പട്ടികജാതി നഗറുകളിൽ വരുമാന വീട് പദ്ധതി വ്യാപിപ്പിച്ച് അവയെ ഉല്പാദന കേന്ദ്രങ്ങൾ/ ഹബുകൾ ആക്കി മാറ്റുന്നതിന്റെ സാധ്യതകൾ പരിശോധിക്കാവുന്നതാണ്.

g. പട്ടികജാതി സമൂഹങ്ങളിൽ നിന്നുള്ള ബിസിനസ്സ് രംഗത്തു പ്രവർത്തിക്കാൻ താൽപര്യമുള്ളവർക്ക്, പ്രോജക്ട് ഓർഗനൈസേഷൻ, രജിസ്ട്രേഷൻ, പരിശീലനം, ധനസഹായം, മെന്ററിംഗ്, മാർക്കറ്റിംഗ് തന്ത്രങ്ങൾ തുടങ്ങിയ എല്ലാ ആവശ്യകതകളും ഒരു കുടക്കീഴിൽ ലഭ്യമാകുന്ന, പ്രമുഖ ബിസിനസ്സ് സ്കൂളുകളുമായോ താൽപ്പര്യമുള്ള സ്വയംഭരണ സ്ഥാപനങ്ങളുമായോ സഹകരിച്ച് കേരളത്തിലെ തെക്ക്, മധ്യ, വടക്കൻ മേഖലകളിലെങ്കിലും ബിസിനസ് ഹബ്ബുകൾ ആരംഭിക്കാവുന്നതാണ്.

h. വിദ്യാസമ്പന്നരും എന്നാൽ തൊഴിൽരഹിതരുമായ പട്ടികജാതി യുവാക്കളുടെ തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന്, വിദേശ ഭാഷകളിൽ പ്രാവീണ്യം ഒരു അടിസ്ഥാന ആവശ്യകതയായി മാറുന്നു. ടൂറിസം, മാർക്കറ്റിംഗ്, അന്താരാഷ്ട്ര സംഘടനകൾ തുടങ്ങിയ വിവിധ ദേശീയ, അന്തർദേശീയ മേഖലകളിൽ പുതിയ തൊഴിലവസരങ്ങൾ പര്യവേക്ഷണം ചെയ്യാൻ ഇത് പട്ടികവിഭാഗത്തിലുള്ള യുവാക്കളെ സഹായിക്കും.

**കൃഷി**

അട്ടപ്പാടിയിൽ തരിശ്ശായി കിടന്നിരുന്ന 1300 ഏക്കർ ഭൂമി കഴിഞ്ഞ മൂന്നുവർഷം നമുത് വെള്ളമേ പദ്ധതി നടപ്പിലക്കിയതിലൂടെ കൃഷി ഭൂമിയാക്കി മാറ്റുന്നതിനും, ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ തനതു കൃഷി രീതി തിരികെ കൊണ്ടുവരുനതിനും പട്ടികവർഗ്ഗക്കാർക്കിടയിലെ പോഷകാഹാര കുറവ് ഒരു പരിധിവരെ മേൽ പ്രദേശത്തു കുറക്കുന്നതിനും കഴിഞ്ഞിട്ടുണ്ട്. ഇതോടൊപ്പം വകുപ്പിന് കീഴിലുള്ള ആറളം ഫാം, പ്രിയദർശിനി ടീ എസ്റ്റേറ്റ്, അട്ടപ്പാടി കോ-ഓപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി, വട്ടുലക്കി FCS, ഷോളയാർ FCS തുടങ്ങിയ ഉൾപ്പെടുത്തി അപെക്സ് സമിതി രൂപീകരിച്ച് കാർഷിക പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കും. ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്തി ലീസ്-ലാന്റ് ഫാമിംഗ് വ്യാപകമാക്കും. കൂടാതെ കൃഷി മേഖലയിൽ വൈദഗ്ധ്യമുള്ളവരെ ഉൾപ്പെടുത്തി ഗ്രീൻ ആർമി രൂപീകരിക്കുകയും ചെയ്യും. ഈ മേഖലയിലെ പാരമ്പര്യ അറിവുകൾ സംരക്ഷിക്കുന്നതിന് IPR പദ്ധതികൾ ആവിഷ്കരിക്കും.

വന്യജീവികളുടെ ആക്രമണം മൂലം വനമേഖലകളിൽ വസിക്കുന്ന പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സംരക്ഷണത്തിന് വനവകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് പദ്ധതികളും അനുബന്ധ പ്രവർത്തനങ്ങളും ആവിഷ്കരിക്കുന്നതാണ്.

**വിപണനവും സംയോജനവും**

പട്ടിക വിഭാഗങ്ങളുടെ ഉപജീവനത്തിൽ ഒരു പ്രധാന ഘടകമാകണം വിപണനം. വിപണികളിലേയ്ക്കുള്ള പട്ടിക വിഭാഗങ്ങളുടെ പ്രവേശനം ഉറപ്പാക്കേണ്ടതാണ്. വിവിധ വകുപ്പുകളുമായുള്ള സംയോജന സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതും അനിവാര്യമാണ്. ട്രൈബൽ പ്ലസ്, അയ്യൻകാളി തൊഴിലുറപ്പപദ്ധതി തുടങ്ങിയ പദ്ധതികളെ മാറുന്ന കാലത്തിനനുസൃതമായി പുനർരൂപകൽപ്പന നടത്തി ഉപജീവന നയത്തിലേയ്ക്ക് ഉൾചേർക്കാവുന്നതാണ്.

**വിജ്ഞാന സമ്പദ്‌വ്യവസ്ഥയും ഡിജിറ്റൽ ഉൾപ്പെടുത്തലും**

പട്ടികജാതി യുവാക്കളിൽ നിന്നുള്ള സ്റ്റാർട്ടപ്പുകളെ മെന്റർഷിപ്പും സാമ്പത്തിക സഹായവും നൽകി പ്രോത്സാഹിപ്പിക്കണം. കേരള നോളജ് ഇക്കണോമി മിഷൻ (KKEM), വിജ്ഞാന കേരളം, ഡിജിറ്റൽ യൂണിവേഴ്സിറ്റി, K-DISC എന്നിവയുമായി സഹകരിച്ച് AI, ഡാറ്റ അനലിറ്റിക്സ്, ഡിജിറ്റൽ മാർക്കറ്റിംഗ്, റോബോട്ടിക്സ്, ഓട്ടോമേഷൻ എന്നിവയിൽ പരിശീലനം നൽകുകയും തൊഴിലുറപ്പാക്കുകയും വേണം. കെഎസ്ഐഡിസിയുടെയും എസ്‌സി/എസ്ടി വികസന വകുപ്പുകളുടെയും സഹകരണത്തോടെ ജില്ലാ തലത്തിൽ എസ്‌സി/എസ്ടി ഇൻകുബേഷൻ ആൻഡ് ഫെസിലിറ്റേഷൻ സെന്ററുകൾ (എസ്ഐഎഫ്സി) സ്ഥാപിക്കാവുന്നതാണ്.

**പ്രത്യേക സാമ്പത്തിക മേഖലകളും (SEZ-കൾ) വ്യവസായ പാർക്കുകളും**

വസ്ത്ര വ്യവസായം, ഭക്ഷ്യ സംസ്കരണം, ഐടി, ഹരിത വ്യവസായങ്ങൾ തുടങ്ങിയ സാമ്പത്തിക നേട്ടം ഉണ്ടാക്കാൻ സാധ്യതയുള്ള മേഖലകളിൽ ശ്രദ്ധ കേന്ദ്രീകരിച്ച് പ്രത്യേക സാമ്പത്തിക മേഖലകളിൽ (SEZ-കൾ) പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളെക്കൂടി ഉൾക്കൊള്ളുന്ന സമീപനം ഉണ്ടാവണം. കൂടാതെ, വ്യവസായ വാണിജ്യ വകുപ്പ് വഴി 100% മാർക്കറ്റിംഗ് ലിങ്കേജും കയറ്റുമതി പ്രോത്സാഹന പിന്തുണയും സാധ്യമാക്കണം. പട്ടികജാതി/പട്ടികവർഗ്ഗ സംരംഭങ്ങൾക്ക് പൊതുവായ അടിസ്ഥാന സൗകര്യങ്ങൾ, ഗവേഷണ വികസന പിന്തുണ, ബ്രാൻഡിംഗ് എന്നിവയ്ക്ക് ധനസഹായം നൽകുന്നതിന് ഉപജീവനമാർഗ SEZ ഗ്രാന്റുകൾ ഏർപ്പെടുത്താവുന്നതാണ്. സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള എല്ലാ വ്യവസായ എസ്റ്റേറ്റുകളിലും വ്യവസായ പാർക്കുകളിലും പട്ടികജാതി/പട്ടികവർഗ സംരംഭകർക്ക് അർഹമായ സംവരണവും നിർബന്ധമാക്കേണ്ടത് അനിവാര്യമാണ്.

**സാംസ്കാരിക സംരംഭകത്വം-പട്ടിക വിഭാഗങ്ങളുടെ പരമ്പരാഗത നാടൻ കലാരൂപങ്ങളെ ഉപജീവനമാർഗ്ഗങ്ങളായി പ്രോത്സാഹിപ്പിക്കുക**

പട്ടികവിഭാഗങ്ങളുടെ പരമ്പരാഗത കലാരൂപങ്ങളെ (സംഗീതം, നൃത്തം, കരകൗശല നിർമാണം, അനുഷ്ഠാന കലകൾ മുതലായവ) ലാഭകരമായ വരുമാന സ്രോതസ്സുകളായി പുനരുജ്ജീവിപ്പിക്കുകയും നിലനിർത്തുകയും ചെയ്യാവുന്നതാണ്.

ഇതിനായി ഫോക്‌ലോർ അക്കാദമി, കിർത്താഡ്സ്, ലളിതകലാ അക്കാദമി, ഉൽപ്പന്ന വൈവിധ്യവൽക്കരണത്തിനായി ഡിസൈൻ സ്കൂളുകൾ (ഉദാ-സുവനീർ ഡിസൈൻ, സാംസ്കാരിക ഉൽപ്പന്നങ്ങൾ) തുടങ്ങിയ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടത് അനിവാര്യമാണ്. സാംസ്കാരിക ടൂറിസം, കരകൗശല ഉൽപ്പന്ന നിർമാണം, ഈ വിഭാഗങ്ങളുടെ തനതു കലകൾ എന്നീ മേഖലയിലുള്ള സംരംഭങ്ങൾക്ക് ഗ്രാന്റുകളും വായ്പാ പിന്തുണയും നൽകാവുന്നതാണ്.

**വന ഉൽപ്പന്നങ്ങളുടെ (NTFPs) വിപണനവും മൂല്യവർദ്ധനവും**

വനഉൽപ്പന്നങ്ങളുടെ സുസ്ഥിര ശേഖരണം, സംസ്കരണം, വിപണനം എന്നിവയിലൂടെ മധ്യവർത്തികളില്ലാതെ പട്ടികവർഗക്കാർക്ക വരുമാനം വർദ്ധിപ്പിക്കാനുള്ള അവസരം സൃഷ്ടിക്കേണ്ടതുണ്ട്. ഇതിനായി ഫാർമർ പ്രൊഡ്യൂസിങ്ങ് കമ്പനികൾ സ്ഥാപിക്കുകയും ബ്രാൻഡിംഗ്, പാക്കേജിംഗ് എന്നിവയിൽ പരിശീലനം നൽകിക്കൊണ്ട് തേൻ, ഔഷധ സസ്യങ്ങൾ, മുള, തുടങ്ങിയവയ്ക്കുള്ള ചെറുകിട യൂണിറ്റുകളെ പിന്തുണയ്ക്കുകയും ചെയ്യാവുന്നതാണ് കൂടാതെ, ഓൺലൈൻ

പ്ലാറ്റ്ഫോമുകളിലൂടെയും ടൂറിസം ഔട്ട്ലെറ്റുകളിലൂടെയും വനഉൽപ്പന്നങ്ങളുടെ വിപണനം ഉറപ്പാക്കേണ്ടതാണ്.

**ഉപജീവനമാർഗ്ഗങ്ങളെ ടൂറിസവുമായി ബന്ധിപ്പിക്കുക.**

ഉത്തരവാദിത്ത വിനോദസഞ്ചാര മാതൃകകളിലൂന്നി വിനോദസഞ്ചാര മേഖലയിലേക്കും പട്ടികജാതി/പട്ടികവർഗ ഉപജീവന നയത്തെ ബന്ധിപ്പിക്കേണ്ടതാണ്. ഉത്തരവാദിത്ത ടൂറിസം മിഷനുമായി സഹകരിച്ച് ഗോത്ര പരിസ്ഥിതി ഗ്രാമങ്ങളും വിനോദസഞ്ചാരികൾക്ക് കരകൗശല വസ്തുക്കൾ, നാടൻ കല, ഔഷധസസ്യങ്ങൾ, പരമ്പരാഗത ഭക്ഷണവിഭവങ്ങൾ എന്നിവ അറിയാൻ കഴിയുന്ന പാക്കേജുകൾ രൂപകൽപ്പന ചെയ്യുക. പ്രകൃതി വഴികാട്ടികൾ, പരിസ്ഥിതി ഗാർഡുകൾ, ഹോട്ടൽ മാനേജ്മെന്റ് എന്നീ മേഖലകളിൽ പട്ടികജാതി/പട്ടികവർഗ യുവാക്കളെ പരിശീലിപ്പിക്കുകയും വരുമാനദായകമായ ഉപജീവനം ഉറപ്പിക്കുകയും ചെയ്യാവുന്നതാണ്.

വയനാട്ടിലെ 'എൻ ഊര്' മാതൃക മറ്റു ജില്ലകളിലെ സാധ്യമായ പ്രദേശങ്ങളിൽ വിനോദ സഞ്ചാര വകുപ്പുമായി ചേർന്ന് നടപ്പാക്കും. അതുവഴി പരമാവധി തദ്ദേശീയ ജനതയ്ക്ക് തൊഴിലും വരുമാനവും ഉറപ്പുവരുത്തും.

# നിയമപരിരക്ഷയും ഭരണ നിർവ്വഹണവും

കേരളത്തിലെ പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും സമയബന്ധിതവും, താങ്ങാനാവുന്നതും, സാംസ്കാരികമായി സംവേദനക്ഷമതയുള്ളതുമായ നിയമ സേവനങ്ങൾ ലഭ്യമാക്കാൻ, മനുഷ്യാവകാശം, സാങ്കേതികവിദ്യ, സാമൂഹ്യബോധം, തുല്യത എന്നിവ സമന്വയിപ്പിച്ച ഒരു നീതിനിർവ്വഹണ ഘടന കെട്ടിപ്പടുക്കും. ഇത് ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന നീതിയുക്തവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ സമൂഹത്തിൽ വികസിതവും, സുരക്ഷിതവും, അന്തസ്സുള്ളതുമായ ജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുകയും, വികസന പ്രക്രിയയിൽ അവരുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യും.

ചരിത്രപരമായ കാരണങ്ങളാൽ നീതിയും അവസരങ്ങളും നിഷേധിക്കപ്പെടുകയും നിന്ദ്യമായ ജാതിവ്യവസ്ഥിതിയുടെ ഇരകളായിമാറുകയും ചെയ്ത പട്ടികജാതി-വർഗവിഭാഗ ജനവിഭാഗം സാമൂഹ്യമായ അരക്ഷിതാവസ്ഥ നൂറ്റാണ്ടുകളോളം അനുഭവിച്ചു. അതിനാൽതന്നെ ഈ ജനവിഭാഗങ്ങളുടെ സംരക്ഷണം നിയമപരമായി ഉറപ്പുവരുത്തുക എന്നതിന് ഇന്ത്യയുടെ ഭരണഘടന മുഖ്യപരിഗണന നൽകി. ഭരണഘടനാ അനുച്ഛേദം 17 ലൂടെ അയിത്തം നിരോധിക്കുക വഴി ഇന്ത്യയെ ഗ്രസിച്ചിരുന്ന ഒരു മുഖ്യ സാമൂഹ്യദുരാചാരത്തെ ഭരണഘടന നിയമപരമായി നിർത്തലാക്കിയെങ്കിലും പൂർണ്ണമായും അത് അവസാനിപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് ഇന്ത്യൻ ചീഫ്ജസ്റ്റിസിനു നേരെ നടന്ന ഷൂസ് ഏറ് വ്യക്തമാക്കുന്ന കാലഘട്ടത്തിലാണ് പട്ടികവിഭാഗങ്ങളുടെ നിയമപരമായ പരിരക്ഷയെക്കുറിച്ചുള്ള ചർച്ചകൾക്ക് പ്രാധാന്യമേറുന്നത്.

ഭരണഘടനയ്ക്കും നിലവിലെ ഇന്ത്യൻ നിയമങ്ങൾക്കുംപുറമേ പട്ടികവിഭാഗങ്ങളുടെ നിയമസംരക്ഷണം ഉറപ്പാക്കുന്ന പ്രധാന രണ്ട് നിയമങ്ങളാണ് 1995 ലെ പൗരാവകാശ സംരക്ഷണ നിയമവും 1989 ലെ പട്ടികജാതി പട്ടികവർഗ അതിക്രമനിരോധന നിയമവും. കൂടാതെ 2007 മുതൽ പട്ടികജാതി-ഗോത്രവർഗ കമ്മീഷനും നിലവിലുണ്ട്.

**അടിസ്ഥാന തത്വങ്ങൾ**

ചുവടെ ചേർക്കുന്ന അടിസ്ഥാന തത്വങ്ങൾ നൽകുന്ന മാർഗനിർദ്ദേശങ്ങളിൽ ഊന്നിയാണ് 2031-ലേയ്ക്കുള്ള പട്ടികവിഭാഗങ്ങളുടെ നിയമപരിരക്ഷയെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ രൂപീകരിച്ചിരിക്കുന്നത്.

1. നീതി, സമത്വം, തുല്യത, അന്തസ്സ് എന്നിവയുടെ ഉറപ്പാക്കൽ
2. സമയബന്ധിതമായും, താങ്ങാനാവുന്ന ചെലവിലും നീതി ലഭ്യമാക്കൽ
3. വിവേചനങ്ങളും അതിക്രമങ്ങളും തടയുവാനുള്ള മുൻകരുതൽ നടപടികൾ
4. വികസനത്തിന് നിയമപരമായ അംഗീകാരം
5. സാങ്കേതിക വിദ്യാധിഷ്ഠിതവും സുതാര്യവുമായ നിയമ സംവിധാനം

**നീതിയുടെ മാനദണ്ഡങ്ങൾ, ആഗോള കാഴ്ചപ്പാടിൽ**

കേരളം 2031–ലേക്കുള്ള വികസന പാത വിഭാവനം ചെയ്യുമ്പോൾ, പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നിയമപരമായ ശാക്തീകരണവും സംരക്ഷണവും ആഗോളതലത്തിൽ അംഗീകരിക്കപ്പെട്ട നീതിയുടെ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടേണ്ടതുണ്ട്. കൺവെൻഷനുകൾ, പ്രഖ്യാപനങ്ങൾ തുടങ്ങിയവയിലൂടെ അന്താരാഷ്ട്ര സമൂഹം വികസിപ്പിച്ചെടുത്ത തത്വസംഹിതകളിൽ നിന്നും കേരളത്തിന്റെ സാമൂഹിക പശ്ചാത്തലവുമായി പൊരുത്തപ്പെടുത്തുവാൻ കഴിയുന്ന ചുവടെ ചേർക്കുന്ന മാനദണ്ഡങ്ങൾ നാം ഉപയോഗപ്പെടുത്തേണ്ടതുണ്ട്.

1. നീതിയിലേയ്ക്കുള്ള സ്വതന്ത്രവും നീതിയുക്തവുമായ പ്രവേശനം
2. കൂട്ടായ അവകാശങ്ങളുടെയും സാംസ്കാരിക അവകാശങ്ങളുടെയും അംഗീകാരം
3. സാമൂഹിക പങ്കാളിത്തത്തിലൂടെയുള്ള നിയമപരമായ ശാക്തീകരണം
4. ലിംഗനീതിയും ഇന്റർസെക്ഷണൽ നീതിയും
5. പൊതു–സ്വകാര്യ–സിവിൽ സൊസൈറ്റി പങ്കാളിത്തങ്ങൾ

**പ്രധാന പ്രശ്നങ്ങളും നിയമപരമായ പരിഹാരങ്ങളും**

1. **എസ്.സി.പി – ടി.എസ്.പി നിയമനിർമ്മാണം**

- പട്ടികവിഭാഗങ്ങളുടെ സാമ്പത്തികവികസനം ഉറപ്പാക്കുവാനായി മാറ്റിവയ്ക്കുന്ന പ്രത്യേക ഘടക പദ്ധതി / പട്ടികജാതി ഉപപദ്ധതി, പട്ടികവർഗ ഉപപദ്ധതി എന്നീ വികസന ഫണ്ടുകൾ ഇപ്പോഴും ഒരു നിയമത്തിന്റെ പരിധിയിൽ എത്തപ്പെട്ടിട്ടില്ല. അതുകൊണ്ടു തന്നെ തുകമാറ്റിവയ്ക്കൽ, വിനിയോഗം, മോണിറ്ററിംഗ്, മൂല്യനിർണ്ണയം എന്നിവയിൽ ഉണ്ടാകുന്ന പാകപ്പിഴകളായ വകമാറ്റി ചെലവഴിക്കൽ, ചെലവഴിക്കാതിരിക്കൽ, അഴിമതി, ഫണ്ട് ദുരുപയോഗം, കാലതാമസം തുടങ്ങിയവയിൽ നിയമപരമായ നടപടികൾ സ്വീകരിക്കുവാൻ സാധിക്കുന്നില്ല. അതിനാൽ പട്ടികവിഭാഗങ്ങളുടെ സാമ്പത്തിക വികസനത്തിനായി നിയമപരമായി ത്തന്നെ നിശ്ചിത തുക മാറ്റിവയ്ക്കു വാനും അത് നിയമാനുസൃതം ചെലവഴിക്കുവാനും ഫണ്ടിന്റെ ഔചിത്യപൂർണ്ണമായ വിനിയോഗത്തിന് ഗുണഭോക്താക്കളെ പ്രാപ്തരാക്കുവാനും ഫണ്ടുകൾ അനുയോജ്യവും അർഹവുമായ കൈകളിൽ എത്തിച്ചേരുന്നുവെന്ന് ഉറപ്പവരുത്തുവാനും, വിഭവവിതരണ മാനദണ്ഡങ്ങളിൽ അർഹതാനുസൃതമായ സൂക്ഷ്മതയും കൃത്യതയുംപാലിക്കാനും കഴിയുന്ന വികസനഫണ്ടിനെ സംബന്ധിച്ച ഒരു നിയമനിർമ്മാണം ആവശ്യമാണ്.

2. **പട്ടികജാതി–ഗോത്രവർഗ കമ്മീഷനെ ശക്തിപ്പെടുത്തൽ**

- പട്ടികവിഭാഗങ്ങൾക്ക് നിയമസംരക്ഷണം ഉറപ്പാക്കുന്ന ഒരു സ്ഥാപനമെന്ന നിലയിൽ പട്ടികജാതി–ഗോത്രവർഗ കമ്മീഷന് സുപ്രധാന സ്ഥാനമുണ്ടെങ്കിലും

അതിന്റെ അധികാരസ്വഭാവം വിപുലീകരിക്കേണ്ടതുണ്ട്. അതിനാൽ പട്ടികജാതി-ഗോത്രവർഗ കമ്മീഷന് പ്രതികളെ റിമാൻഡ് ചെയ്യാനുള്ള ഉത്തരവിടാനുള്ള അധികാരം കൂടി നൽകേണ്ടതാണ്.

3. **കേസുകളിലെ കാലതാമസം ഒഴിവാക്കൽ**

- പട്ടികജാതി-വർഗ്ഗ അതിക്രമനിരോധന നിയമപ്രകാരമുള്ള പരാതികളിൽ കേസ് രജിസ്റ്റർ ചെയ്യുന്നതുൾപ്പെടെയുള്ള നടപടിക്രമങ്ങളിൽ വളരെ വലിയ കാലവിളംബം കടന്നുവരുന്നത് നീതിയുടെ അന്തസ്സത്തയെ തന്നെ ദുർബലപ്പെടുത്തുന്നതാണ്. അതിനാൽ പട്ടികവിഭാഗങ്ങൾക്കെതിരെയുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനും അവയെ നിയമത്തിനുമുന്നിലെത്തിക്കുന്നതിനുമായി പ്രത്യേകമായ കംപ്ലെയൻസ് അഥോറിറ്റി സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.
- പട്ടികജാതി/വർഗ്ഗക്കാരുടെ ഭൂമി കയ്യേറ്റമായി ബന്ധപ്പെട്ട കേസുകൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് നിയമ സംവിധാനം ഒരുക്കുക.
- പട്ടികജാതി/വർഗ്ഗക്കാർക്കെതിരെ ചെയ്ത കുറ്റകൃത്യങ്ങൾ കോടതിക്കു പുറത്തു ഒത്തുതീർപ്പാക്കുന്നതിനെ തടയുന്ന നിയമനടപടികൾ സ്വീകരിക്കുക.

4. **ഭരണ സംവിധാനവും SCP/TSP ഏകോപനവും**

- പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലും, വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ഏജൻസികളിലും കൺസോളിഡേറ്റഡ് ഫണ്ട് എത്തുന്ന പ്രത്യേകതയുണ്ട്. ഇതിനനുസൃതമായി വികേന്ദ്രീകൃതമായ ഔദ്യോഗിക സംവിധാനത്തിന്റെ വിന്യാസം ഇനിയും പൂർത്തിയാക്കാനായിട്ടില്ല. വിവിധ പദ്ധതികളിലൂടെ ലഭിക്കുന്ന ഫണ്ടുകൾ ഏകോപിപ്പിച്ചുകൊണ്ട് പ്രത്യേക ഘടക പദ്ധതികൾ തദ്ദേശ ഭരണ സ്ഥാപനതലങ്ങളിൽ രൂപീകരിക്കുന്നതിന് സഹായകമായ നിലയിൽ ഭരണ സംവിധാനത്തെ താഴെതലംവരെ വിന്യസിക്കുന്ന ഒരു ഭരണ പരിഷ്കാര നടപടി സ്വീകരിക്കുന്നതായിരിക്കും.

# പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ വിഷൻ-2031
# സെമിനാറിൽ ഉയർന്നുവന്ന പൊതു നിർദ്ദേശങ്ങൾ

## I. ഉപജീവനവും തൊഴിലും, നൈപുണ്യ വികസനവും

### 1. Skill for Future

സ്കിൽ യൂണിവേഴ്സിറ്റി/അക്കാദമി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതി-യുവാക്കളുടെ തൊഴിൽമേഖലയിലുള്ള സജീവ പങ്കാളിത്തം ഉറപ്പാക്കുകയും, ആധുനിക സാങ്കേതിക വിദ്യകളിൽ പ്രാവീണ്യം നേടിയ പ്രൊഫഷണലുകളായും ടെക്നോളജി ലീഡർമാരായും വളർത്തുകയും ചെയ്യുന്നതിനായി രൂപീകരിക്കപ്പെടുന്ന നവീന സ്ഥാപനം ആണ്.തൊഴിൽകേന്ദ്രിത വിദ്യാഭ്യാസത്തെയും സംരംഭകത്വ വികസനത്തെയും ആധാരമാക്കി, സമഗ്രമായ വികസന മാതൃകയിൽ പ്രവർത്തിക്കുന്നു .

**പ്രധാന ലക്ഷ്യങ്ങൾ**

- പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങൾക്ക് തൊഴിൽമുഖമായ ആധുനിക വിദ്യാഭ്യാസം ലഭ്യമാക്കുക
- ഹൈ-ടെക് മേഖലകളിൽ (High-Demand Sectors) ആവശ്യമായ നൈപുണ്യങ്ങൾ കൈവരിക്കാൻ സഹായിക്കുക
- ആഗോള നിലവാരത്തിലുള്ള പരിശീലനം വഴി ദേശീയവും അന്തർദേശീയവുമായ തൊഴിലുകൾ ഉറപ്പാക്കുക
- സംരംഭകത്വവും സ്വയം തൊഴിലും പ്രോത്സാഹിപ്പിച്ച് സ്വയംപര്യാപ്തത ഉറപ്പാക്കുക.

**പ്രധാന പ്രവർത്തന മേഖലകൾ**

- ആധുനിക സർട്ടിഫിക്കേഷൻ കോഴ്സുകൾ – 1 വർഷം വരെയുള്ള ദൈർഘ്യമുള്ള ഹൈ-ടെക് മേഖലകളിലെ സർട്ടിഫിക്കേഷൻ കോഴ്സുകൾ നടപ്പിലാക്കുന്നു.വ്യവസായ ആവശ്യങ്ങൾക്കനുസരിച്ച് രൂപപ്പെടുത്തിയ ഈ കോഴ്സുകൾ പ്രമുഖ ദേശീയ-ആഗോള കമ്പനികളുമായി (Industry Tie-up) സഹകരിച്ചാണ് നടപ്പാക്കുക.
- Vocational Degree Programs –B.Voc, M.Voc ഡിഗ്രി കോഴ്സുകൾ, പ്രൊഫഷണൽ ഡിപ്ലോമകൾ, ഗവേഷണ സൗകര്യങ്ങൾ എന്നിവയിലൂടെ വിദ്യാർത്ഥികൾക്ക് തൊഴിൽ വിപണിയിലേക്കുള്ള പ്രാവീണ്യം നൽകുന്നു.
- സംരംഭകത്വം & ഇൻകുബേഷൻ ഇക്കോസിസ്റ്റം-സ്കിൽ യൂണിവേഴ്സിറ്റിയിൽ ഇൻകുബേഷൻ ഹബ് (Incubation Hub) സ്ഥാപിക്കുക — നവീകരണ ആശയങ്ങൾ വളർത്താനും സംരംഭകത്വ സ്വപ്നങ്ങൾ സാക്ഷാത്കരിക്കാനും വിദ്യാർത്ഥികൾക്ക് പിന്തുണ നൽകുന്ന കേന്ദ്രം.
    - സ്റ്റാർട്ടപ്പ് ഗ്യാരേജ്: വിദ്യാർത്ഥികൾക്ക് ആശയങ്ങൾ പരീക്ഷിക്കാനും പ്രോട്ടോടൈപ്പ് രൂപപ്പെടുത്താനും അവസരം.
    - സീഡ് ഫണ്ടിംഗ്: മികച്ച സംരംഭ ആശയങ്ങൾക്ക് ധനസഹായം നൽകും.
    - മെന്റർ പൂൾ: വിജയകരമായ സംരംഭകരെയും വിദഗ്ധരെയും ബന്ധിപ്പിക്കുന്ന സംവിധാനമൊരുക്കും.

- ○ കോ-വർക്കിംഗ് സ്പേസ്: സംരംഭങ്ങൾ ആരംഭിക്കുന്ന വിദ്യാർത്ഥികൾക്ക് സൗജന്യ ഓഫീസ് സൗകര്യങ്ങൾ.
- ○ കോമൺ ഫെസിലിറ്റി സെന്റർ: കമ്പനി രജിസ്ട്രേഷൻ, GST, പേറ്റന്റ് ഫയലിംഗ് തുടങ്ങിയ നിയമപരമായ സഹായങ്ങൾ.

## 2. പട്ടികജാതി/പട്ടികവർഗ്ഗ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (Unnathi Labour Contract Cooperative Society)

പട്ടികജാതി/പട്ടികവർഗ്ഗ തൊഴിലാളികൾക്ക് സ്വന്തം തൊഴിൽശക്തിയിലൂടെ സ്വയം പര്യാപ്തത കൈവരിക്കാൻ അവസരം ഒരുക്കുകയാണ് **പട്ടികജാതി/പട്ടികവർഗ്ഗ ലേബർ കോൺട്രാക്റ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി** രൂപീകരണത്തിന്റെ ലക്ഷ്യം. വകുപ്പ് ഇപ്പോൾ നടപ്പിലാക്കുന്ന കെട്ടിടനിർമ്മാണം, റോഡ് നിർമാണം, അറ്റകുറ്റപ്പണി തുടങ്ങിയ മിക്ക പ്രോജക്ടുകളും സ്വകാര്യ കോൺട്രാക്ടർമാർ മുഖേനയാണ് നടത്തുന്നത്. ഈ പ്രക്രിയയിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ സാധാരണ ദിവസക്കൂലി തൊഴിലാളികളായി മാത്രമേ പങ്കാളികളാകാറുള്ളൂ. എന്നാൽ, പ്രോജക്ടുകളിൽ നിന്നുള്ള യഥാർത്ഥ ലാഭം സമൂഹത്തിന് പുറത്തേക്ക് ചോർന്നുപോകുന്നു (Wealth Leakage).ഇത് മാറ്റി, തൊഴിലാളികളെയും ടെക്നീഷ്യന്മാരെയും ഉടമസ്ഥതയിലേക്കും ലാഭവിഹിതത്തിലേക്കും ഉയർത്തിക്കൊണ്ടുവരികയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

### പ്രധാന ലക്ഷ്യങ്ങൾ

- പട്ടികജാതി/പട്ടികവർഗ്ഗ തൊഴിലാളികളെ **തൊഴിലാളിയിൽ നിന്നും ഉടമസ്ഥതിയിലേയ്ക്കും കോൺട്രാക്ടറിലേക്കും സംരംഭകനിലേക്കും** ഉയർത്തുക.
- വകുപ്പിന്റെ വികസന ഫണ്ടുകൾ **സമൂഹത്തിനുള്ളിൽ നിലനിർത്തുക**.
- അംഗങ്ങൾക്ക് **കൂലിക്ക് പുറമേ ലാഭവിഹിതം**, സാമൂഹിക സുരക്ഷ, നൈപുണ്യവികസനം എന്നിവ ഉറപ്പാക്കുക.
- സഹകരണ മാതൃകയിൽ **സുസ്ഥിരമായ തൊഴിൽ പരിസ്ഥിതി (Sustainable Employment Ecosystem)** സൃഷ്ടിക്കുക.

### പ്രവർത്തന ഘടന

- പ്രാരംഭ ഘട്ടത്തിൽ ഓഫീസ്, ഉപകരണങ്ങൾ, വർക്കിംഗ് ക്യാപിറ്റൽ എന്നിവയ്ക്കായി വകുപ്പ് **Seed Fund / ദീർഘകാല വായ്പ** നൽകും.
- പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, മറ്റ് സർക്കാർ വകുപ്പുകൾ എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നേരിട്ട് ഏറ്റെടുത്ത് നടത്തുക.
- നിശ്ചിത തുകവരെ പ്രോജക്ടുകൾ **ടെൻഡർ ഒഴിവാക്കി നേരിട്ട്** സൊസൈറ്റിക്ക് നൽകുന്ന നിലയിൽ അക്രഡിറ്റഡ് ഏജൻസി ആയി അംഗീകരിക്കുക.
- സൊസൈറ്റിയിലെ അംഗങ്ങൾക്ക് ആധുനിക **നിർമ്മാണ സാങ്കേതിക വിദ്യകൾ, പ്രോജക്ട് മാനേജ്മെന്റ്, അക്കൗണ്ടിംഗ്, ഗുണനിലവാരം ഉറപ്പാക്കൽ (Quality Control)** തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകണം.

## 3. ഉന്നതി പ്രൊഡക്ഷൻ & മാർക്കറ്റിംഗ് സൊസൈറ്റി (Unnathi Production and marketing Cooperative Society)

നിലവിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിട്ൽപ്പെട്ട നിരവധി വ്യക്തികളും കുടുംബശ്രീ/അയൽക്കൂട്ടം യൂണിറ്റുകളും വിവിധതരം ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നുണ്ട് (ഉദാഹരണത്തിന്: കരകൗശല വസ്തുക്കൾ, തനത് ഭക്ഷ്യോൽപ്പന്നങ്ങൾ, അച്ചാറുകൾ, വനവിഭവങ്ങൾ, തുകൽ ഉൽപ്പന്നങ്ങൾ, വസ്ത്രങ്ങൾ).എന്നാൽ ബ്രാൻഡിംഗ് ഇല്ലായ്മ വിപണിയിൽ തിരിച്ചറിയപ്പെടുന്നില്ല.ഉൽപ്പന്നങ്ങൾ പ്രാദേശിക വിപണികളിലോ ഇടനിലക്കാർക്കോ കുറഞ്ഞ വിലയ്ക്ക് വിൽക്കാൻ നിർബന്ധിതരാകുന്നു.: ആകർഷകമായ പാക്കേജിംഗിന്റെയോ, ഗുണനിലവാര സർട്ടിഫിക്കേഷന്റെയോ (FSSAI, AGMARK) അഭാവം. മൂലധനക്കുറവ്: ഉത്പാദനം വർദ്ധിപ്പിക്കാനോ ആധുനിക ഉപകരണങ്ങൾ വാങ്ങാനോ പണമില്ല എന്നീ കാരണങ്ങളും വിപണന സാധ്യത കുറയ്ക്കുന്നുണ്ട് .ഈ പ്രശ്നം പരിഹരിക്കാൻ

വകുപ്പിന്റെ മേൽനോട്ടത്തിൽ ഒരു അപെക്സ് സൊസൈറ്റി രൂപീകരിച്ച് വിപണനം ബ്രാന്റിംഗ് മേഖലകളിൽ പിന്തുണ നൽകണം.

4. **UNNATHI-CET: Unnathi - Competitive Exam Training Center.**

നിലവിൽ വകുപ്പിൽ 4 PETC-കൾ പ്രവർത്തിക്കുണ്ട് , പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട യുവതി യുവാക്കളെ വിവിധ മത്സര പരീക്ഷകക്കായുള്ള പരിശീലനം പ്രസ്തുത സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു . കൂടാതെ ICSETS മുഖേന സിവിൽ സർവീസ് പരിശീലനവും വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ മികച്ച ഉദ്യോഗാർത്ഥികളെ കണ്ടെത്തി റെസിഡൻഷ്യൽ സിവിൽ സർവീസ് പരിശീലനം നൽകുന്നു.

- The Foundation Tier (Hybrid Two-Tier)-(ഓൺലൈൻ PETC): സംസ്ഥാനത്തെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും പ്രവേശനം സാധ്യമാകുന്ന ഒരു ഓപ്പൺ ഓൺലൈൻ പ്ലാറ്റ്ഫോം ആവിഷ്കരിക്കുന്നു , ഒരു ആധുനിക ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം (LMS) പ്ലാറ്റ്ഫോം (വെബ്സൈറ്റ് + മൊബൈൽ ആപ്പ്) നിർമ്മിക്കുന്നു ."ഏറ്റവും മികച്ച അധ്യാപകരുടെ ക്ലാസുകൾ റെക്കോർഡ് ചെയ്ത് ഇതിൽ അപ്‌ലോഡ് ചെയ്യുകയും ,സംസ്ഥാനത്തെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ ഡിഗ്രി വിദ്യാർത്ഥികൾക്കും ഇതിൽ സൗജന്യമായി രജിസ്റ്റർ ചെയ്ത് പഠനം ആരംഭിക്കാം സാധിക്കുന്നതുമാണ് .ഇതിലൂടെ വിദ്യാർത്ഥികളുടെ പ്രകടനം (ടെസ്റ്റ് സ്കോറുകൾ) നിരീക്ഷിക്കാൻ ഒരു കേന്ദ്രീകൃത സംവിധാനം ഉണ്ടാകും. കൂടാതെ നിലവിലെ PETC-കൾ മുഖേന ഭൗതികമായ പരിശീലനം, മെന്റർഷിപ്പ്, ടാലന്റ് സ്കൗട്ടിംഗ് എന്നിവ നടത്തുന്ന കേന്ദ്രങ്ങൾ ആയി നിലനിർത്തുന്നു .
- The Apex Tier (ICSETS (Physical only) - ഇത് വകുപ്പിന്റെ ഏറ്റവും ഉന്നതമായ, പൂർണ്ണമായും റസിഡൻഷ്യൽ ആയ സ്ഥാപനമായിരിക്കും . ഡിജിറ്റൽ പ്ലാറ്റ്ഫോമിലെ ടെസ്റ്റുകളിൽ സ്ഥിരമായി ഉയർന്ന സ്കോർ നേടുന്നവർ,PETC കളിൽ നിന്നും നേരിട്ട് പരിശീലനം നേടി ഉയർന്ന സ്കോർ നേടുന്നവർ എന്നിവർക്ക് അക്കാദമിയിലേക്കുള്ള സംസ്ഥാനതല പ്രവേശന പരീക്ഷ എഴുതാൻ സാധിക്കുന്നതാണ് . തിരഞ്ഞെടുക്കപ്പെടുന്ന ഏറ്റവും മികച്ച 100-150 വിദ്യാർത്ഥികൾക്ക് ICSETS എന്ന പ്രധാന കാമ്പസിൽ പ്രവേശനം നൽകി .സിവിൽ സർവീസ് പ്രിലിംസ്, മെയിൻസ്, ഇന്റർവ്യൂ എന്നിവയ്ക്കുള്ള സമ്പൂർണ്ണ റസിഡൻഷ്യൽ പരിശീലനം നൽകുന്നു.

## II. അടിസ്ഥാന സൗകര്യ വികസനം

### 1. സസ്റ്റൈനബിൾ സ്മാർട്ട് വില്ലേജ്

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി നഗറുകളിൽ ഇപ്പോഴും ശുദ്ധജല ദൗർലഭ്യം, അശാസ്ത്രീയ മാലിന്യ സംസ്കരണം, ഡിജിറ്റൽ ബന്ധം ഇല്ലായ്മ എന്നിവ മൂലം വികസനത്തിന്റെ മുഖധാരയിൽ നിന്ന് അകലെയാണ്.സസ്റ്റൈനബിൾ സ്മാർട്ട് വില്ലേജ പദ്ധതി ഇതിൽ വിപ്ലവകരമായ മാറ്റം കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത് .

ജീവിത നിലവാരം ഉയർത്തുന്ന സമഗ്ര വാസസ്ഥലം സൃഷ്ടിക്കുക എന്നതാണ് ലക്ഷ്യം. വാസയോഗ്യമായ പരിസ്ഥിതിയും സാമൂഹിക സൗകര്യങ്ങളും ഉൾക്കൊള്ളുന്ന "സ്മാർട്ട് നഗർ" മാതൃക രൂപപ്പെടുത്തും. എല്ലാ വീടുകളിലും സൗജന്യ/കുറഞ്ഞ നിരക്കിലുള്ള ഹൈ-സ്പീഡ് ഫൈബർ ഇന്റർനെറ്റ് K-Fone വഴി ഉറപ്പാക്കുന്നു ,വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും ഓൺലൈൻ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും ലഭ്യമാക്കുന്നു ,ഡിജിറ്റൽ പേയ്മെന്റ്, ടെലിമെഡിസിൻ, സർക്കാർ സേവനങ്ങൾ എന്നിവയും വീടുതോറും ലഭ്യമാക്കും.

"സ്മാർട്ട് ഹബ്" സ്ഥാപിക്കും അവിടെ ഡിജിറ്റൽ ലൈബ്രറി & Common Study Room, ഇന്റർനെറ്റ് സൗകര്യം., ഓൺലൈൻ ട്രെയിനിംഗിനും കരിയർ ഗൈഡൻസ് എന്നിവ ലഭ്യമാക്കുന്നു .

**2. സോളാർ എനർജി പദ്ധതികൾ ( SOLAR VILLAGE INITIATIVE )**

കേരളത്തിലെ SC/ST നഗറുകളിൽ  കൂടുതലും വൈദ്യുതി ലഭ്യതയിലും ചെലവിലും വെല്ലുവിളികൾ നേരിടുന്നു. അതിനാൽ, സൗരോർജ്ജത്തിന്റെ പ്രയോജനങ്ങൾ ഉപയോഗപ്പെടുത്തി നഗറുകളെ ഊർജ്ജ സ്വയംപര്യാപ്തമാകുക  എന്നതാണ് ലക്ഷ്യം. ഈ പദ്ധതിയിൽ, ഓരോ വീടിനും കുറഞ്ഞത് 3 കിലോവാട്ട് ശേഷിയുള്ള സോളാർ പാനൽ സിസ്റ്റം സ്ഥാപിക്കാനും പൊതുസ്ഥലങ്ങളായ അങ്കണവാടി, സ്കൂൾ, ഹോസ്റ്റലുകൾ, MRS എന്നിവയ്ക്കായി ഉയർന്ന ശേഷിയുള്ള ഗ്രിഡ്-കണക്റ്റഡ് സിസ്റ്റം സജ്ജമാക്കാനും കഴിയും.

**3.. Digital Empowerment Zone for SC Communities**

പട്ടികജാതി/പട്ടികവർഗ്ഗ നഗറുകളിൽ ഡിജിറ്റൽ സാക്ഷരതയും സാങ്കേതിക സേവനങ്ങളിലേക്കുള്ള ലഭ്യതയും ഉറപ്പാക്കുക എന്നതാണ് ഡിജിറ്റൽ കണക്ടിവിറ്റി സോണുകളുടെ ലക്ഷ്യം. ഓരോ ഗ്രാമത്തിലും ഹൈസ്പീഡ് ഇന്റർനെറ്റ്, സൗജന്യ Wi-Fi, കമ്പ്യൂട്ടർ സൗകര്യം, ഓൺലൈൻ പഠനത്തിനും സർക്കാർ സേവനങ്ങൾക്കും ആവശ്യമായ ഡിജിറ്റൽ ഹബ് സ്ഥാപിക്കപ്പെടും. വിദ്യാർത്ഥികൾക്ക് ഇ-ലേണിംഗ്, തൊഴിൽാർത്ഥികൾക്ക് ഡിജിറ്റൽ സ്കിൽ പരിശീPലനം, പൊതുജനങ്ങൾക്ക് e-Sevanam, e-district, Aadhar സേവനങ്ങൾ തുടങ്ങിയവ ലഭ്യമാകും.

കെ-ഫോൺ പോലുള്ള  പദ്ധതികളുമായി  ബന്ധപ്പെടുത്തി എല്ലാ SC നഗറുകളും ഫൈബർ കണക്റ്റിവിറ്റിയിലൂടെ "Connected Colonies" ആയി വികസിപ്പിക്കാം. ഈ ഹബുകൾ വഴി ടെലിമെഡിസിൻ, ഓൺലൈൻ ബാങ്കിംഗ്, ഡിജിറ്റൽ പേയ്മെന്റ്, സർക്കാർ പദ്ധതികളിലേക്കുള്ള ആക്സസ് എന്നിവ എളുപ്പമാകും. SC വിഭാഗത്തിൽപ്പെട്ട യുവാക്കളെ "ഡിജിറ്റൽ ഫസിലിറ്റേറ്റർ" ആയി പരിശീലിപ്പിച്ച് ഹബുകളുടെ പ്രവർത്തനം നിയന്ത്രിക്കാൻ കഴിയും, അതുവഴി തൊഴിൽസൃഷ്ടിയും സാധ്യമാകും.

## III. സാംസ്കാരികം

**1.ഡിജിറ്റൽ ഹെറിറ്റേജ് ആർക്കൈവ് & വെർച്ചൽ മ്യൂസിയം (HeritageConnect: Connects past and future through technology)**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ കലാരൂപങ്ങൾ, സംഗീതം, വാമൊഴി ചരിത്രം എന്നിവ നമ്മുടെ സാംസ്കാരിക സമ്പത്തിന്റെയും സമൂഹത്തിന്റെ ആത്മാവിന്റെയും അവിഭാജ്യഘടകങ്ങളാണ്. എന്നാൽ ഇന്നത്തെ കാലഘട്ടത്തിൽ ഇവയുടെ അവകാശികൾ കുറയുകയും രേഖപ്പെടുത്തലിന്റെ അഭാവം മൂലം നശിച്ചു പോകുകയും ചെയ്യുന്നു."ഡിജിറ്റൽ ഹെറിറ്റേജ് ആർക്കൈവ് & വെർച്ചൽ മ്യൂസിയം" പദ്ധതി ഈ പൈതൃകത്തെ ആധുനിക സാങ്കേതികതയുടെ സഹായത്തോടെ സംരക്ഷിക്കുകയും ലോകത്തിന് പരിചയപ്പെടുത്തുകയും ചെയ്യാനുള്ള സംരംഭമാണ്.അമൂല്യമായ സാംസ്കാരിക പൈതൃകം നാശത്തിൽ നിന്ന് സംരക്ഷിച്ച് അടുത്ത തലമുറയ്ക്ക് കൈമാറാൻ കഴിയും.പട്ടികജാതി/പട്ടികവർഗ്ഗ കലാരൂപങ്ങൾക്ക് ആഗോള അംഗീകാരവും ഗവേഷണ മൂല്യവും ലഭിക്കും.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തനതായ കലാരൂപങ്ങൾ (ഉദാ: മുടിയാട്ടം, കോലം തുള്ളൽ, കുരവൻ പാട്ട് തുടങ്ങിയവ) പുതിയ തലമുറ ഏറ്റെടുക്കാത്തതുകൊണ്ട് നശിച്ചുകൊണ്ടിരിക്കുന്നു.വാമൊഴി ചരിത്രം, പാരമ്പര്യ അറിവ്, ആചാരങ്ങൾ എന്നിവ

രേഖപ്പെടുത്തിയിട്ടില്ല. കലാകാരന്മാർക്കും സമൂഹത്തിനും അർഹമായ അംഗീകാരമോ സാമ്പത്തിക മൂല്യമോ ലഭിക്കുന്നില്ല.

- ഡോക്യുമെന്റേഷൻ & ഡിജിറ്റൽ ആർക്കൈവ് (Digital Documentation)–പ്രൊഫഷണൽ വീഡിയോഗ്രാഫർമാർ, ഗവേഷകർ, ഫോക്‌ലോർ വിദഗ്ധർ എന്നിവരുടെ സഹായത്തോടെ ഓരോ കലാരൂപവും പാട്ടും ചടങ്ങും ഹൈ-ഡെഫനിഷൻ നിലവാരത്തിൽ രേഖപ്പെടുത്തും.ശേഖരിച്ച വിവരങ്ങൾ, വീഡിയോ, ഓഡിയോ, ചിത്രങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ "ഡിജിറ്റൽ ഹെറിറ്റേജ് ആർക്കൈവ്" സൃഷ്ടിക്കും.ഈ ആർക്കൈവ് പട്ടികജാതി/പട്ടികവർഗ്ഗ സമൂഹങ്ങളുടെ സാംസ്കാരിക ഡിജിറ്റൽ ലൈബ്രറിയായി പ്രവർത്തിക്കും.
- വെർച്ചൽ മ്യൂസിയം (Virtual Museum) –ആർക്കൈവിലുള്ള എല്ലാ വിവരങ്ങളും ആഗോളതലത്തിൽ പ്രദർശിപ്പിക്കുന്ന ഇന്ററാക്ടീവ് വെബ്സൈറ്റ് രൂപത്തിൽ അവതരിപ്പിക്കും.ഉപയോക്താക്കൾക്ക് 360 വിച്വൽ ടൂർ, ഓഡിയോ ഗൈഡുകൾ, ഇന്ററാക്ടീവ് മാപ്പുകൾ എന്നിവയിലൂടെ അനുഭവപരിചയാധിഷ്ഠിത പഠനസാധ്യത.മൾട്ടിലിംഗ്വൽ ഇൻറർഫേസ് വഴി കേരളത്തിലെക്കും ലോകമെമ്പാടുമുള്ള ആളുകൾക്കും പൈതൃകം അറിയാനും പഠിക്കാനും സൗകര്യം.
- കലാകാരന്മാർക്ക് റോയൽറ്റി സംവിധാനം (Artist Royalty System) – ആർക്കൈവിൽ ഉൾപ്പെട്ട കലാരൂപങ്ങളോ പാട്ടുകളോ സിനിമ, ഡോക്യുമെന്ററി, ഗവേഷണ പ്രസിദ്ധീകരണങ്ങൾ മുതലായ വാണിജ്യപ്രവർത്തനങ്ങളിൽ ഉപയോഗിക്കുമ്പോൾ, അതിന്റെ റോയൽറ്റി അതത് കലാകാരന്മാർക്കും അവരുടെ കുടുംബങ്ങൾക്കും ലഭ്യമാക്കുന്ന സംവിധാനം ഉറപ്പാക്കും.ഇത് കലാകാരന്മാർക്ക് പുതിയ വരുമാന മാർഗം സൃഷ്ടിക്കുകയും പൈതൃക സംരക്ഷണത്തിന് പ്രചോദനമാവുകയും ചെയ്യും.

### 2. Youth Arts Fellowship

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവ കലാകാരന്മാരുടെ കഴിവുകൾ കണ്ടെത്തിയും പ്രോത്സാഹിപ്പിച്ചും പാരമ്പര്യ കലാരൂപങ്ങളുടെ പുനരുജ്ജീവനം ഉറപ്പാക്കുക എന്നതാണ് യുവകലാ ഫെലോഷിപ്പ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. പല SC സമൂഹങ്ങൾക്കും തങ്ങളുടെ സ്വന്തം ജനകലാരൂപങ്ങൾ, സംഗീതശാഖകൾ, നൃത്തങ്ങൾ, കരകൗശലങ്ങൾ തുടങ്ങിയ പൈതൃകങ്ങൾ ഉണ്ട്, എന്നാൽ സാമ്പത്തിക പ്രയാസങ്ങൾ കാരണം അവ ഇപ്പോൾ അസ്തമിക്കാനുള്ള അവസ്ഥയിലാണ്. ഈ പദ്ധതിയിലൂടെ 18 മുതൽ 35 വയസ്സ് വരെയുള്ള യുവകലാകാരന്മാർക്ക് വാർഷികമായി ഫെലോഷിപ്പ് അനുവദിച്ച് അവർക്ക് പരിശീലനം, സൃഷ്ടി പ്രവർത്തനം, ഗവേഷണം തുടങ്ങിയവ തുടരാൻ സാമ്പത്തിക പിന്തുണ നൽകും.

## IV. വിദ്യാഭ്യാസം

### 1. Back 2 Learn

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ യുവജനങ്ങളിൽ വളരെപേർ ബിരുദം, പോളിടെക്നിക്, അല്ലെങ്കിൽ എൻജിനീയറിംഗ് കോഴ്സുകൾ പകുതി വഴിയിൽ ഉപേക്ഷിച്ച് പോകുന്നു. സാമ്പത്തിക പരാധീനത, കുടുംബ ബാധ്യത, പ്രചോദനത്തിന്റെ കുറവ്, അധ്യയന സമ്മർദം, മാനസികാരോഗ്യ പ്രശ്നങ്ങൾ, ഗൈഡൻസിന്റെ അഭാവം എന്നിവയാണ് പ്രധാന കാരണങ്ങൾ.ഇവരിൽ പലരും പിന്നീട് ജീവിതത്തിൽ അവരുടെ പഠനം പുനരാരംഭിക്കാനുള്ള ആഗ്രഹം പ്രകടിപ്പിക്കുന്നുണ്ടെങ്കിലും, അതിനുള്ള സംവിധാനങ്ങളോ അവസരങ്ങളോ നിലവിലില്ല. നിലവിലുള്ള വിദ്യാഭ്യാസ സംവിധാനം ഒരു വിദ്യാർത്ഥി പഠനം മധ്യേവിട്ടാൽ, അവന്റെ മുൻപത്തെ പരിശ്രമം പൂർണ്ണമായും നഷ്ടമാക്കുന്നു. അതിനാൽ, ഈ വിഭാഗത്തിൽപ്പെട്ടവർക്ക് "Second Chance for Education" എന്ന ആശയം പ്രായോഗികമാക്കാനുള്ള സംവിധാനം ആവശ്യമാണ് .

പഠനം മധ്യേവിട്ട വിദ്യാർത്ഥികളെ കണ്ടെത്തി , അവരെ അവരുടെ വിദ്യാഭ്യാസ പാതയിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് പദ്ധതിയുടെ ലക്ഷ്യം. അക്കാദമിക് പുനരുദ്ധാരണം (Educational Reintegration) ആണ് ലക്ഷ്യം.പഠനം നിർത്തിയ വിദ്യാർത്ഥികൾക്ക് അവരുടെ മുൻപത്തെ ക്രെഡിറ്റുകൾ തിരിച്ചുപിടിക്കാനുള്ള സംവിധാനവും, ഓൺലൈൻ അല്ലെങ്കിൽ ബ്ലെൻഡഡ് മോഡിലിൽ ബാക്കി വിഷയങ്ങൾ പൂർത്തിയാക്കി അവരുടെ ബിരുദം അല്ലെങ്കിൽ ഡിപ്ലോമ നേടാനുള്ള അവസരം സാധ്യമാകുന്നു .

സർവകലാശാലകൾ, പോളിടെക്നിക്കുകൾ, ടെക്നിക്കൽ എജ്യുക്കേഷൻ ബോർഡുകൾ എന്നിവയുമായി സഹകരിച്ച് ഡ്രോപ്പൗട്ട് വിദ്യാർത്ഥികളുടെ ഡാറ്റാബേസ് സൃഷ്ടിക്കുന്നു . ജില്ലതല ഹെൽപ് ഡെസ്കുകൾ വഴിയും വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ സൗകര്യം നൽകുന്നു .ഓരോ വിദ്യാർത്ഥിക്കും അവരുടെ മുൻപത്തെ പഠന ഡാറ്റയും ക്രെഡിറ്റുകളും ഡിജിറ്റൽ രീതിയിൽ “Academic Credit Bank” ആയി സൃഷ്ടിക്കും.

## 2.Future-Ready Tech Hubs

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഐ.ടി.ഐ.കളെ (Industrial Training Institutes) "Future-Ready Tech Hubs" ആക്കി മാറ്റുകയാണ് ലക്ഷ്യം .പരമ്പരാഗത തൊഴിൽപരിശീലന രീതികളിൽ നിന്ന് മാറി, ആഗോള നിലവാരമുള്ള, ഹൈ-ടെക് മേഖലകളിൽ പ്രാവീണ്യം നേടിയ ടെക്നീഷ്യൻമാരെ സൃഷ്ടിക്കുന്ന ആധുനിക പരിശീലന സംവിധാനങ്ങളാണ് ഇതിലൂടെ ലക്ഷ്യമാക്കുന്നത്.പട്ടികജാതി/പട്ടികവർഗ്ഗ യുവജനങ്ങൾക്ക് ഭാവിയിലേക്കുള്ള തൊഴിൽ ശേഷിയും ടെക്നോളജി നൈപുണ്യവും നൽകുക.

### പ്രധാന ലക്ഷ്യങ്ങൾ

- നിലവിലെ ഐ.ടി.ഐ.കളെ ആധുനിക ആവശ്യങ്ങൾക്കനുസരിച്ച് Future-Ready Tech Hubs ആക്കുക.
- പ്രമുഖ ദേശീയ-ആഗോള കമ്പനികളുമായി സഹകരിച്ച് Industry-integrated Training System സൃഷ്ടിക്കുക.
- ഓരോ സ്ഥാപനത്തെയും സെന്റർ ഓഫ് എക്സലൻസ് (Center of Excellence - CoE) ആക്കി രൂപപ്പെടുത്തുക. എല്ലാ ഐ.ടി.ഐകളും ഒരേ തരത്തിലുള്ള കോഴ്സുകളോടെ പ്രവർത്തിക്കുന്ന പാരമ്പര്യം മാറ്റി, ഓരോ ഐ.ടി.ഐ.യും ഒന്നോ രണ്ടോ മേഖലകളിൽ വിദഗ്ധത നേടുന്ന Center of Excellence (CoE) ആയി മാറ്റും.ഇത് ആധുനിക ഉപകരണങ്ങൾ കേന്ദ്രീകരിച്ച് ചെലവു കാര്യക്ഷമമായ പരിശീലന സൗകര്യം ഉറപ്പാക്കും

“Adopt an ITI” പദ്ധതി- ഓരോ CoE-യെയും ഒരു പ്രമുഖ കമ്പനിയുമായി ചേർന്ന് കോഴ്സുകൾ നടപ്പിലാക്കും .പ്രമുഖ ദേശീയ/ആഗോള കമ്പനികളുമായി സഹകരിച്ചു ലബോറട്ടറി സ്ഥാപിക്കും, സിലബസ് നവീകരിക്കും, ട്രെയിനർമാർക്ക് പരിശീലനം നൽകും, കൂടാതെ തൊഴിൽ വാഗ്ദാനവും നൽകും.പഠന പരിപാടികൾ വ്യവസായത്തിന്റെ നേരിട്ടുള്ള ആവശ്യങ്ങൾക്ക് അനുസൃതമായി രൂപകല്പന ചെയ്യും.

## 3. Unnathi - EduRise: Learning Support for Every Child

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ പഠന മികവ് വർധിപ്പിക്കുകയും വിദ്യാഭ്യാസ വ്യത്യാസം കുറയ്ക്കുകയും ചെയ്യുക എന്നതാണ് റീമീഡിയൽ ക്ലാസ് പദ്ധതിയുടെ പ്രധാന ലക്ഷ്യം. ഓരോ നഗറിലും പ്രാഥമികം മുതൽ ഹൈസ്കൂൾ വരെ വിദ്യാർത്ഥികൾക്കായി വിഷയാധിഷ്ഠിത പ്രത്യേക പരിശീലന ക്ലാസുകൾ സംഘടിപ്പിക്കും. യോഗ്യതയുള്ള അധ്യാപകരെ ഭാഗകാലികമായി നിയമിച്ച് ഗണിതം, ശാസ്ത്രം, ഇംഗ്ലീഷ് തുടങ്ങിയ വിഷയങ്ങളിൽ വ്യക്തിഗത ശ്രദ്ധയോടെ പരിശീലനം നൽകും. കൂടാതെ, ഡിജിറ്റൽ പഠനസാമഗ്രികൾ, ഇ-ക്ലാസുകൾ, ഓൺലൈൻ ടെസ്റ്റുകൾ എന്നിവയും ഉൾപ്പെടുത്തി പഠനം ആകർഷകവും ഫലപ്രദവുമാക്കും.

ഈ ക്ലാസുകൾ വഴി വിദ്യാർത്ഥികൾക്ക് അധ്യയന ആത്മവിശ്വാസം, പരീക്ഷാ പ്രകടനമികവ്, തുടർപഠന ഉത്സാഹം എന്നിവ വർധിക്കും. രക്ഷിതാക്കളുമായി സഹകരിച്ച് വിദ്യാഭ്യാസ ബോധവത്കരണ പരിപാടികളും സംഘടിപ്പിച്ച് ഉന്നതി തലത്തിൽ ഒരു പഠന സംസ്കാരം വളർത്താനാകും. ഈ പദ്ധതി പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാഭ്യാസ മുഖ്യധാരയിലേക്ക് പൂർണ്ണമായി ഉൾപ്പെടുത്തുന്ന ഒരു സുസ്ഥിര മാതൃകയായിരിക്കും.

4. *School-based Training for Entrance Preparation (*STEP)

വിദ്യാഭ്യാസ വികസന ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളെ മെഡിക്കൽ, എൻജിനീയറിംഗ്, പ്രൊഫഷണൽ കോഴ്സുകളിലേക്ക് പ്രാപ്തരാക്കുന്ന പദ്ധതിയാണ് ഈ സ്പെഷ്യൽ എൻട്രൻസ് പ്രോഗ്രാം. നിലവിൽ നിരവധി SC വിദ്യാർത്ഥികൾക്ക് ഈ മേഖലകളിൽ കഴിവും താൽപര്യവും ഉള്ളതായിട്ടും, പ്രവേശന പരീക്ഷകൾക്കായി ആവശ്യമായ തയ്യാറെടുപ്പും മാർഗനിർദ്ദേശവും ലഭ്യമല്ലാത്തത് മൂലം അവർ പിന്നിലായി നിൽക്കുന്നു. ഈ പ്രശ്നത്തിന് പരിഹാരമായി, സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത സ്കൂളുകളിൽ തന്നെ NEET, KEAM, JEE തുടങ്ങിയ എൻട്രൻസ് പരീക്ഷകൾക്കുള്ള പ്രത്യേക പരിശീലന സംവിധാനം ഒരുക്കുന്നതാണ് ലക്ഷ്യം.

സ്കൂൾ പഠനത്തിനൊപ്പം വിദ്യാർത്ഥികൾക്ക് ഗണിതം, ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങളിൽ ആഴത്തിലുള്ള പരിശീലനം ലഭിക്കും. യോഗ്യതയുള്ള അധ്യാപകരെ നിയമിച്ച് സായാഹ്ന ക്ലാസുകൾ, ഹോളിഡേ ക്യാമ്പുകൾ, മോഡൽ ടെസ്റ്റുകൾ, ഓൺലൈൻ കോച്ചിംഗ് പ്ലാറ്റ്ഫോം തുടങ്ങിയ സംവിധാനങ്ങൾ ഒരുക്കും.

## V. ആരോഗ്യം

1. Unnathi Arogya Suraksha : Comprehensive Health Security for Every SC Family

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട നിരവധി കുടുംബങ്ങൾ ഇപ്പോഴും ആരോഗ്യസുരക്ഷിതത്വത്തിന്റെ പരിധിക്ക് പുറത്താണ്.സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്ക് (വാർഷിക വരുമാനം ₹2 ലക്ഷംയിൽ താഴെ) ചെറിയൊരു രോഗംപോലും വലിയ സാമ്പത്തിക ഭാരം സൃഷ്ടിക്കുന്നു.2031ഓടെ സംസ്ഥാനത്തെ എല്ലാ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾക്കും നിലവിലുള്ള ഇൻഷുറൻസ് പദ്ധതിയുമായി സഹകരിച്ച് സമഗ്രമായ ആരോഗ്യ ഇൻഷുറൻസ് കവറേജ് ഉറപ്പാക്കുക.

വാർഷിക വരുമാനം ₹2 ലക്ഷംയിൽ താഴെയുള്ള എല്ലാ SC കുടുംബങ്ങൾക്കും സൗജന്യ ആരോഗ്യ ഇൻഷുറൻസ് പോളിസി നൽകുക.പൊതു, സ്വകാര്യ ആശുപത്രികളിലായി കാഷ്‌ലസ്സ് ചികിത്സാ സൗകര്യം ഉറപ്പാക്കുക.പ്രതിരോധാരോഗ്യ സേവനങ്ങൾ, ശിശു–മാതൃാരോഗ്യ പരിചരണം, മാനസികാരോഗ്യ സഹായം എന്നിവയും ഉൾപ്പെടുത്തുക.

**2. Comprehensive Scheme for SC/ST Persons with Disabilities .**

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരിൽ ഏകദേശം ഒരു ലക്ഷത്തോളം വ്യക്തികൾ വിവിധ തരത്തിലുള്ള ഭിന്നശേഷികളോടെ ജീവിക്കുന്നു.അവരിൽ പലർക്കും ഉപകരണങ്ങളുടെ അഭാവം, വിദ്യാഭ്യാസത്തിലെ തടസ്സങ്ങൾ, തൊഴിൽരഹിതാവസ്ഥ, സമൂഹത്തിൽ നിന്ന് വേർപെടൽ തുടങ്ങിയവ മൂലം ജീവിതത്തിൽ പൂർണ പങ്കാളിത്തം നേടാൻ കഴിയുന്നില്ല.വകുപ്പിന്റെ മറ്റു വികസന പദ്ധതികളിൽ ഇവർ പൂർണമായി ഉൾപ്പെടാത്തതിനാൽ, അവരുടെ ആവശ്യങ്ങൾക്കും കഴിവുകൾക്കും അനുയോജ്യമായ ഒരു സ്വതന്ത്ര, സമഗ്ര പദ്ധതി അനിവാര്യമായി മാറിയിരിക്കുന്നു.

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭിന്നശേഷിയുള്ള എല്ലാ വ്യക്തികളെയും അവരുടെ ആരോഗ്യം, വിദ്യാഭ്യാസം, തൊഴിൽ, സാമൂഹിക ഉൾപ്പെടുത്തൽ എന്നിവയിൽ സമഗ്രമായി മുന്നോട്ട് കൊണ്ടുവരുക.

- ഓരോ ഭിന്നശേഷിയുള്ള വ്യക്തിയുടെയും വ്യക്തിഗത ആവശ്യങ്ങൾ തിരിച്ചറിഞ്ഞ് "Personal Empowerment Plan (PEP)" തയ്യാറാക്കുക.
- സഹായക ഉപകരണങ്ങൾ (Assistive Devices), സാങ്കേതിക പരിഹാരങ്ങൾ, ഹോം മോഡിഫിക്കേഷൻ എന്നിവ ഉറപ്പാക്കുക..
- തൊഴിൽ, സ്വയംതൊഴിൽ, സ്കിൽ ട്രെയിനിംഗ് എന്നിവയ്ക്കായി പ്രത്യേക പിന്തുണാ പരിപാടികൾ ആരംഭിക്കുക..

**4. ടെലിമെഡിസിൻ ഹബ്സ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് സ്പെഷ്യാലിറ്റി ആരോഗ്യ സേവനങ്ങൾ ഡിജിറ്റലായി ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ ടെലിമെഡിസിൻ ഹബ്സ് സ്ഥാപിക്കുകയാണ് ഉദ്ദേശ്യം. ഗ്രാമപ്രദേശങ്ങളിൽ ഡോക്ടർമാരുടെയും വിദഗ്ധ സേവനങ്ങളുടെയും അഭാവം കാരണം പലർക്കും ചികിത്സയ്ക്കായി ദൂരെ ആശുപത്രികളിലേക്ക് പോകേണ്ടിവരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ എല്ലാ ജില്ലകളിലും, പ്രത്യേകിച്ച് പട്ടികജാതി/പട്ടികവർഗ്ഗ നഗറുകൾ കൂടുതലുള്ള മേഖലകളിൽ, ഹൈസ്പീഡ് ഇന്റർനെറ്റ് സൗകര്യമുള്ള ടെലിമെഡിസിൻ സെന്ററുകൾ സ്ഥാപിക്കും.

കൂടാതെ, രോഗികളുടെ മെഡിക്കൽ റെക്കോർഡുകൾ ഡിജിറ്റൽ ഹെൽത്ത് ഡാറ്റാബേസിൽ സൂക്ഷിക്കപ്പെടും, അതുവഴി തുടർചികിത്സക്കും റഫറലുകൾക്കും സൗകര്യം ലഭിക്കും. ഈ പദ്ധതിയിലൂടെ SC/ST വിഭാഗങ്ങൾക്ക് സൗജന്യവും വേഗത്തിലുള്ളതുമായ ആരോഗ്യസേവനം ലഭ്യമാകും.

## VI. നിയമ പരിരക്ഷ

**1. ലീഗൽ എയിഡ് & സംരക്ഷണ യൂണിറ്റ്**

പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ സ്ത്രീകൾക്കും സാമൂഹികമായി ദുർബലർക്കും നീതി ലഭ്യമാക്കാൻ ലക്ഷ്യമിട്ടതാണ് ലീഗൽ എയിഡ് & സംരക്ഷണ യൂണിറ്റ് . പലപ്പോഴും നിയമപരമായ അവകാശങ്ങൾ, സംരക്ഷണ വ്യവസ്ഥകൾ, പരാതിനിവാരണ മാർഗങ്ങൾ എന്നിവയിലുള്ള അറിവില്ലായ്മ മൂലം നിരവധി ആളുകൾ അനീതിയനുഭവിക്കുന്നു. ഈ പശ്ചാത്തലത്തിൽ ഓരോ ജില്ലയിലും, പ്രധാനമായും SC നഗറുകൾ കേന്ദ്രീകരിച്ച്, സൗജന്യ നിയമസഹായം, കൗൺസിലിംഗ്, മാർഗനിർദ്ദേശം എന്നിവ നൽകുന്നതിന് സംവിധാനം ഒരുക്കും. ഓരോ സെന്ററിലും അഭിഭാഷകൻ, കൗൺസിലർ, സോഷ്യൽ വർക്കർ എന്നിവരുടെ സേവനം ലഭ്യമാക്കും. സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ, ഭൂമിയുടമസ്ഥാവകാശ പ്രശ്നങ്ങൾ, തൊഴിൽ ചൂഷണം, സാമൂഹിക വിവേചനം തുടങ്ങിയ വിഷയങ്ങളിൽ നിയമ സഹായവും ആവശ്യമായ രേഖാപ്രവർത്തനവും ഇവിടെ സൗജന്യമായി നടത്താം.

നിയമ ബോധവത്കരണ ക്യാമ്പുകൾ, സമൂഹ സദസുകൾ, സ്ത്രീ സംരക്ഷണ സെമിനാറുകൾ എന്നിവയും സംഘടിപ്പിക്കും. നിയമസഹായം ലഭ്യമാക്കുന്നതിലൂടെ പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് സുരക്ഷയും ആത്മവിശ്വാസവും ഉറപ്പാക്കും. ഈ പദ്ധതി സമൂഹത്തിലെ നിയമനീതി ശക്തിപ്പെടുത്തുകയും, സമത്വവും സാമൂഹിക നീതിയും ഉറപ്പുവരുത്തുന്ന ഭരണ മാതൃകയായി പ്രവർത്തിക്കുകയും ചെയ്യും.

## VII. മറ്റ് വിഷയങ്ങൾ

### 1.Nodal Coordination & Monitoring Centre for Central Schemes

കേരളത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന്റെ ഉന്നമനത്തിനായി കേന്ദ്ര സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട് .ഈ പദ്ധതികൾ പലപ്പോഴും വിവിധ സംസ്ഥാന വകുപ്പുകൾ, ഏജൻസികൾ, സ്ഥാപനങ്ങൾ എന്നിവ വഴി വേർതിരിച്ചാണ് നടപ്പിലാക്കുന്നത് .എന്നാൽ ഈ രീതിയിൽ വകുപ്പുകൾ തമ്മിലുള്ള ഏകോപനക്കുറവ്, ഡാറ്റയുടെ അസംഘടിതത്വം, വിലയിരുത്തൽ സംവിധാനങ്ങളുടെ അഭാവം, ലക്ഷ്യഗ്രൂപ്പിന്റെ കൃത്യമായ തിരിച്ചറിവില്ലായ്മ, എന്നിവ മൂലം പദ്ധതികളുടെ യഥാർത്ഥ ഫലപ്രാപ്തി പട്ടികജാതി/പട്ടികവർഗ്ഗ സമൂഹത്തിൽ പ്രതിഫലിക്കുന്നില്ല.

"സമഗ്ര ഡാറ്റാ-ഡ്രിവൻ ഏകോപന സംവിധാനം" വഴി പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് കേന്ദ്ര സർക്കാരിന്റെ എല്ലാ പദ്ധതികളുടെയും പരമാവധി പ്രയോജനം ലഭ്യമാക്കുക.സംസ്ഥാനത്ത് നടപ്പിലാക്കുന്ന എല്ലാ കേന്ദ്ര SC പദ്ധതികളുടെ സമഗ്ര ഡാറ്റ കൺസോളിഡേഷൻ ,സ്ഥാപനങ്ങൾ എന്നിവ തമ്മിലുള്ള ഏകോപനം ,പദ്ധതികളുടെ ഫലപ്രാപ്തി നിരീക്ഷണം ,Beneficiary Mapping & Outcome Analysis എന്നിവയ്ക്കായി സംസ്ഥാനതലത്തിൽ ഒരു Nodal Coordination & Monitoring Centre (NCMC) രൂപീകരിക്കുക.

### 2. Public-Private Partnership for Inclusive Development .

കേരളത്തിലെ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സമഗ്ര ഉന്നമനം ലക്ഷ്യമാക്കി സർക്കാർ, സ്വകാര്യ മേഖല, കോർപ്പറേറ്റുകൾ, പബ്ലിക് സെക്ടർ യൂണിറ്റുകൾ (PSUs), സ്വമേധയാ പ്രവർത്തിക്കുന്ന സംഘടനകൾ എന്നിവ തമ്മിലുള്ള സഹകരണത്തിലൂടെ ദീർഘകാലവീക്ഷണമുള്ള വികസന പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ നഗറുകളുടെ വികസനം, വിദ്യാഭ്യാസം, ആരോഗ്യ സംരക്ഷണം, തൊഴിൽ, ഇൻഫ്രാസ്ട്രക്ചർ നവീകരണം തുടങ്ങിയ മേഖലകളിൽ ഫലപ്രാപ്തിയുള്ള സംരംഭങ്ങൾ നടപ്പിലാക്കും.

1) നഗറുകളുടെ വികസനം & ഹൗസിംഗ് ഇൻഫ്രാസ്ട്രക്ചർ :കുടിവെള്ളം, ശുചിമുറി, വൈദ്യുതി, റോഡ്, ലൈബ്രറി, ആംഗൻവാടി, മൾട്ടിപർപ്പസ് ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ, solar street lights, waste management units.

(2) വിദ്യാഭ്യാസ നവീകരണം: വകുപ്പിന്റെ കീഴിലുള്ള സ്കൂളുകൾ, ഹോസ്റ്റലുകൾ, ITIകൾ, സ്കിൽ ഹബ്ബുകൾ എന്നിവയുടെ നവീകരണം, Digital Classrooms, Smart Labs, Library Modernization,CSR പങ്കാളിത്തം വഴി "Adopt an Institution" മാതൃക നടപ്പിലാക്കുക.

(3) ആരോഗ്യ സംരക്ഷണം:"Healthy Mission" – അടിസ്ഥാന ആരോഗ്യ പരിശോധന ക്യാമ്പുകൾ, സ്ത്രീകളും കുട്ടികളും ലക്ഷ്യമാക്കിയ Nutritional Support Programs, Telemedicine Corners.

(4) തൊഴിൽ & സംരംഭകത്വം : യുവാക്കൾക്കായി Short-term Skill Courses, Women Entrepreneurship Hubs – കൈത്തൊഴിൽ, ഫുഡ് പ്രോസസ്സിംഗ്, സർവീസ് മേഖലകൾ,"Train and Tool Support Scheme" – പരിശീലനത്തോടൊപ്പം ടൂൾകിറ്റുകൾ വിതരണം.

കേരള സർക്കാർ

പട്ടികജാതി- പട്ടികവർഗ വികസന വകുപ്പ്

വളരുന്ന കേരളം ഉയരുന്ന സമൂഹം

ആത്മാഭിമാനത്തോടെ 50 വർഷങ്ങൾ

പട്ടിക വർഗ്ഗ വികസന വകുപ്പ് സുവർണ്ണ ജൂബിലി

1975 - 2025

Scheduled Tribes Development Department Golden Jubilee Year

ഉന്നതി

യാഥാർത്ഥ്യമാക്കാം, ഒരു ജനതയുടെ ഉന്നമനം